# ആരോഗ്യ കേരളം

newyear edition arogyakeralam newsletter

02

January 2025

Follow us on

arogyakeralam.gov.in


HAPPY & HEALTHY NEWYEAR

## ആരോഗ്യത്തോടെ പുഞ്ചിരിക്കാം പുതുവർഷത്തെ വരവേൽക്കാം

ആരോഗ്യകരമായ പുതുവർഷം നേരുന്നു



# സംസ്ഥാനത്തെ ക്ഷയരോഗമുക്തമാക്കും: മന്ത്രി വീണാ ജോർജ്



ക്ഷയരോഗ നിവാരണ ബോധവത്കരണ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

പത്തനംതിട്ട: ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം തുടങ്ങി വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ക്ഷയരോഗമുക്ത കേരളം എന്ന ലക്ഷ്യം നേടുമെന്ന് ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് ശക്തി പകരാനുള്ള 100 ദിവസത്തെ തീവ്രബോധവത്കരണ കാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇലന്തൂർ പെട്രാസ് കൺവൻഷൻ സെന്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ക്ഷയരോഗനിവാരണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഏറ്റവും പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ കാമ്പയിൻ സംഘടിപ്പിക്കുന്നത്. രോഗബാധിതരെ കണ്ടെത്തി മികച്ച ചികിത്സ നൽകി അണുബാധവ്യാപനം തടയുക എന്നതാണ് പ്രധാന ദൗത്യം. രോഗമരണ നിരക്ക് കുറയ്ക്കുക. അനാവശ്യ ഭയം ഒഴിവാക്കുക, രോഗബാധിതരെ ഒറ്റപ്പെടുത്തുന്നത് തടയുക എന്നിവയും ലക്ഷ്യമിടുന്നു. സർക്കാർ ആശുപത്രികളോടൊപ്പം സ്വകാര്യമേഖലയിലും കൃതമായ പരിശോധന നടത്തി രോഗികളെ കണ്ടെത്തുന്നു. സിസ്റ്റം ഫോർ ടി. ബി എലിമിനേഷൻ ഇൻ പ്രൈവറ്റ് സെക്ടർ എന്ന പേരിൽ സംസ്ഥാനസർക്കാർ രാജ്യത്ത് ആദ്യമായി നടപ്പാക്കിയ ഈ പദ്ധതിക്ക് 2023 ൽ ദേശീയ അംഗീകാരം ലഭിച്ചതായും മന്ത്രി പറഞ്ഞു.

കാമ്പയിനുമായി ബന്ധപ്പെട്ട് കർമനിരതരായി പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകരെ മന്ത്രി അഭിനന്ദിച്ചു. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശാ പ്രവർത്തകരെ മെമന്റോ നൽകി ആദരിച്ചു. ക്ഷയരോഗ ചികിത്സാ മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുസ്തകം മന്ത്രി പ്രകാശനം ചെയ്തു.

ജില്ലാ പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആർ. അജയകുമാർ അധ്യക്ഷനായി. ജില്ലാ കലക്ടർ എസ്. പ്രേംകൃഷ്ണൻ, എൻ. എച്ച്. എസ്. ആർ. സി എക്സിക്യുട്ടീവ് ഡയറക്ടർ മേജർ ജനറൽ, പ്രൊഫ. അതുൽ കോത്വാൾ, ആരോഗ്യവകുപ്പ് ഡയറക്ടർ കെ. ജെ. റീന, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെ. ഇന്ദിരാ ദേവി, ഇലന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.എ ഇന്ദിര, ബ്ലോക്ക് പഞ്ചായത്ത് അംഗം ആതിരാ ജയൻ, വാർഡ് അംഗം സജി തേക്കുംകര, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ അനിതകുമാരി,ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ജില്ലാ ടി. ബി. ഓഫീസർ ഡോ. കെ. എസ്. നിരൺ ബാബു തുടങ്ങിയവർ പങ്കെടുത്തു.








### 100 ദിന ക്ഷയരോഗ നിവാരണ തീവ്ര ബോധവത്കരണ ക്യാമ്പയിൻ: വിവിധ ജില്ലകളിൽ നടന്ന പരിപാടികൾ



















**ഐ.എഫ്.എഫ്.കെയിൽ ശ്രദ്ധേയമായി ആരോഗ്യ കേരളം ഓപ്പൺ കാൻവാസ്**





# ആരോഗ്യകേരളം ദി പാൻ ഇന്ത്യൻ സ്റ്റാർ






# ഐ.എഫ്.എഫ്.കെയിൽ സൂപ്പർ ഹിറ്റ്

**സിനിമകളെ** സ്നേഹിക്കുന്നവരുടെ മഹോത്സവമായ കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷൻ ഒരുക്കിയ സ്റ്റാൾ ഏറെ ശ്രദ്ധേയമായി.

### മാനസികാരോഗ്യം സിനിമകളിലൂടെ

മാനസികാരോഗ്യം സിനിമകളിലൂടെ എന്ന തലത്തിൽ ഒരുക്കിയ എക്സിബിഷൻ ഏറെ ശ്രദ്ധേയമായി. മണിച്ചിത്രത്താഴ്, ഭൂതക്കണ്ണാടി, മഞ്ഞുമ്മൽ ബോയ്സ് , നരൻ, മൈ നെയിം ഈസ് ഖാൻ, താരെ സമീൻ പർ തുടങ്ങി 20 ഓളം ഇന്ത്യൻ ചിത്രങ്ങളിലെ കഥാപാത്രങ്ങൾ നേരിടുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചാണ് ഈ പോസ്റ്ററുകൾ ചർച്ച ചെയ്തത്. ബൈ പോളാർ ഡിസോഡർ, സ്കിസോഫ്രീനിയ, പാര ഫീലിയ, തുടങ്ങിയ രോഗങ്ങളും അവയുടെ ലക്ഷണങ്ങളും പോസ്റ്ററുകളിൽ പ്രതിപാദിക്കുന്നു.

ഇതോടൊപ്പം ബ്ലഡ് പ്രഷർ, ഷുഗർ, ബി.എം.ഐ, പരിശോധന ഉൾപ്പെടെ ഉള്ള സേവനങ്ങൾ സ്റ്റാളിൽ ഒരുക്കിയിരുന്നു. ആരോഗ്യവകുപ്പിന്റെ നേട്ടങ്ങൾ ഉൾപ്പെടെ ഒരുക്കിയ പ്രചാരണ ബോർഡുകൾ, 'അറിയാം, പറയാം, സമ്മാനം നേടാം' ലൈവ് ക്വിസ് മത്സരം എന്നിങ്ങനെ വേറിട്ട പരിപാടികളാണ് സ്റ്റാളിൽ നടത്തിയത്.

### ഓപ്പൺ കാൻവാസ്

ഇതോടൊപ്പം ഏറെ ശ്രദ്ധ നേടിയ ഒന്നാണ് മാനസികാരോഗ്യ ബോധവത്ക്കരത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഓപ്പൺ ക്യാൻവാസ് ചിത്രരചന. ക്വിയർ വ്യക്തികളായ രാഹുൽ ദിവാൻ, എം.എഫ്.എ വിദ്യാർത്ഥിയായ ഹൃതു, ജസീൽ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് മാനസികാരോഗ്യ ബോധവത്ക്കരണത്തിന്റെ ഭാഗമായുള്ള ക്യാൻവാസ് തയ്യാറാക്കിയത്. ആരോഗ്യവകുപ്പിന്റെ ഇടം ബോധവൽക്കരണ ക്യാമ്പയിനിന്റെ പ്രചാരണത്തിന്റെ ഭാഗമായാണ് ക്യാൻവാസ് തയ്യാറാക്കിയത്. ഇതിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി പൊതുജനങ്ങൾക്കും വരക്കാനുള്ള അവസരം നൽകിയിരുന്നു. ഇതിന്റെ ഉദ്ഘാടനം സിനിമാ താരം നാദിറ മെഹ്റിൻ ഉദ്ഘാടനം ചെയ്തു.


പൊതു ജന പങ്കാളിത്തം കൊണ്ട് സ്റ്റാൾ ഏറെ ശ്രദ്ധേയമായിരുന്നു.

### അറിയാം, പറയാം, സമ്മാനം നേടാം


പൊതുജനങ്ങൾക്ക് ഐഇസി മെറ്റീരിയലുകളും വായിച്ചു മനസ്സിലാക്കിയ ശേഷം ഉത്തരം പറയാവുന്ന രീതിയിൽ ക്രമീകരിച്ച ലൈവ് ക്വിസ് മത്സരത്തിൽ ചലച്ചിത്ര പ്രേമികളായ കുറേ മിടുക്കർ സമ്മാനങ്ങൾ നേടി. നാഷണൽ ഹെൽത്ത് മിഷന് കീഴിലുള്ള ജനകീയമായ പദ്ധതികളെ പരിചയപ്പെടുത്തുന്ന പോസ്റ്ററുകളും ബൂത്തിൽ ഇടം പിടിച്ചു. ഹൃദ്യം, ടെലി മനസ്സ്, ഇടം, ഭൂമിക, ബാലമിത്ര, ദിശ തുടങ്ങിയ പ്രോഗ്രാമുകളും മേളയിലെത്തിയവർക്ക് ചിരപരിചിതമായി മാറി.

### ബി.എം.ഐ കൗണ്ടറും ന്യുട്രീഷന്റെ സേവനവും


ശരീരഭാരം, പൊക്കം എന്നിവയെപ്പറ്റി സ്വയം ഓരോരുത്തരെയും ബോധവാന്മാർ ആക്കുന്നതിനായി ബി.എം.ഐ കൗണ്ടറും സജ്ജീകരിച്ചിരുന്നു. പ്രത്യേക മെഷീൻ സ്ഥാപിച്ച് അത് ആൻഡ്രോയ്ഡ് ഫോണുമായി കണക്ട് ചെയ്ത ആപ്പിലൂടെയാണ് ബിഎംഐ ഓരോരുത്തർക്കും കൃത്യമായി അറിയുന്നതിന് സൗകര്യമൊരുക്കിയത്.









ആരോഗ്യ കേരളം സ്റ്റാളിലെ കാഴ്ചകൾ

സംസ്ഥാനത്ത് ആദ്യം

# വടക്കനാട് ആയുഷ്മാൻ ആരോഗ്യമന്ദിർ ദേശീയ ശ്രദ്ധയിലേക്ക്

വയനാട്: ഗുണനിലവാര പരിശോധനയിലൂടെ (എൻക്യുഎഎസ്) സംസ്ഥാനത്ത് ആദ്യമായി ഒരു ആയുഷ്മാൻ ആരോഗ്യ മന്ദിർ ദേശീയ ശ്രദ്ധയിലേക്ക്. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം പരിധിയിൽ പ്രവർത്തിക്കുന്ന വടക്കനാട് ആയുഷ്മാൻ ആരോഗ്യ മന്ദിരത്തിനാണ് ഈ നേട്ടം. പരിശോധനയുടെ ഭാഗമായി കേന്ദ്ര ആരോഗ്യ–കുടുംബക്ഷേമ മന്ത്രാലയം നയോഗിച്ച വിദഗ്ധസംഘം ഇവിടെയെത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. തമിഴ്നാട്ടിൽ നിന്നുള്ള ഡോ. ആർ വെങ്കിടേഷ്, കർണാടകയിലെ ഡോ. മൃണാളിനി യാദവ് എന്നിവരാണ് ജില്ലയിലെത്തിയത്. വയോജനങ്ങളുടെയും പാലിയേറ്റീവ് രോഗികളുടെയും പരിചരണം, ഡ്രഗ്സ് ആന്റ് ഡയഗ്നോസ്റ്റിക്സ്, പ്രഗ്നൻസി ആന്റ് ചൈൽഡ് ബർത്ത് കെയർ, നിയോനാറ്റൽ ആന്റ് ഇൻഫന്റ് ഹെൽത്ത് സർവീസസ്, ചൈൽഡ്ഹുഡ് ആന്റ് അഡോളസന്റ് ഹെൽത്ത് സർവീസസ്, കുടുംബാസൂത്രണം, പകർച്ച വ്യാധി പ്രതിരോധം, പകർച്ചേതര വ്യാധി പ്രതിരോധ പ്രവർത്തനം എന്നിങ്ങനെ എട്ടു പാക്കേജുകളിലായിരുന്നു പരിശോധന. ചെക്ക് ലിസ്റ്റ് അനുസരിച്ച് കേന്ദ്രത്തിലെ സൗകര്യങ്ങൾ വിലയിരുത്തിയ സംഘം ജീവനക്കാർ, രോഗികൾ, ഹാംലറ്റ് ആശമാർ എന്നിവരുമായി കൂടിക്കാഴ്ചയും നടത്തി. ശനിയാഴ്ച രാവിലെ സ്ഥലത്തെത്തിയ സംഘത്തെ നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.



എച്ച്.ഡബ്ല്യു.സി പരിധിയിലെ വാർഡ് അംഗങ്ങളായ അഖില എബി, ജയചന്ദ്രൻ, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. പി. ദിനീഷ്, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി, ജില്ലാ ക്വാളിറ്റി നോഡൽ ഓഫിസർ ഡോ. ദാഹർ മുഹമ്മദ്, ഡോ. ദിവ്യ എം നായർ, 'ജാസ്' കമ്മിറ്റി അംഗങ്ങൾ, ഹെൽത്ത് ഇൻസ്പെക്ടർ കെ.യു ഷാജഹാൻ, പി.എച്ച്.എൻ കെ.എ ഉഷ, ജെ.എച്ച്.ഐ എ.വി സനിൽ, ജെ.പി.എച്ച്.എൻ അനീറ്റ പോൾ, അസിസ്റ്റന്റ് ക്വാളിറ്റി അഷ്വറൻസ് ഓഫിസർമാരായ അഖില വിനോദൻ, സി.വി സൗമ്യ, എം.എൽ.എസ്.പി ലിജിമോൾ ജോസഫ് എന്നിവരും പഞ്ചായത്ത് പ്രസിഡന്റിനൊപ്പമുണ്ടായിരുന്നു. നിലവിൽ ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായ നൂൽപ്പുഴ, പൊഴുതന, മൂപ്പൈനാട്, എടവക, പൂതാടി എന്നിവയ്ക്കും മുണ്ടേരി അർബൻ പ്രൈമറി ഹെൽത്ത് സെന്ററിനും മാത്രമാണ് ദേശീയ ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്.

കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ കുത്തിവയ്പ്പുകൾ, ഗർഭിണികൾക്കുള്ള ലാബ് പരിശോധന, മരുന്നുകൾ, മുലയൂട്ടുന്ന അമ്മമാർക്കുള്ള കാത്സ്യം ഐ.എഫ്.എ ഗുളികകളുടെ വിതരണം, നവജാത ശിശു



ക്കളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലന സേവനങ്ങൾ, വിഷയാധിഷ്ഠിത ആരോഗ്യ ക്ലാസുകളും കൗൺസലിങ്ങും, സാംക്രമിക രോഗങ്ങളുടെ സ്ക്രീനിങ്ങും നിയന്ത്രണ മാർഗ്ഗങ്ങളും, ദേശീയ ആരോഗ്യ പരിപാടികളും പകർച്ചവ്യാധി നിയന്ത്രണവും, മാനസികാരോഗ്യ സ്ക്രീനിങ്ങും കൈകാര്യവും, സ്ത്രീകൾ, കുട്ടികൾ, കൗമാരക്കാർ, വയോജനങ്ങൾ എന്നിവരുടെ ക്ലിനിക്കുകൾ, ചെറിയ രോഗങ്ങൾക്കുള്ള ഔട്ട്പേഷ്യന്റ് സേവനങ്ങൾ, കുടുംബാസൂത്രണ പ്രവർത്തനങ്ങൾ, അടിസ്ഥാന ലബോറട്ടറി പരിശോധനകൾ, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം സേവനങ്ങൾ, കണ്ണ് പരിശോധനാ ക്യാമ്പ്, പല്ല് പരിശോധന, കോപ്പർ ടി ചെക്കപ്പ്, വയോജന – പാലിയേറ്റീവ് സേവനങ്ങൾ, ഇ–സഞ്ജീവനി സേവനങ്ങൾ, മുൻഗണനാ ഗൃഹസന്ദർശനം, വെള്ളം പരിശോധന തുടങ്ങിയ സേവനങ്ങളാണ് വടക്കനാട് ആയുഷ്മാൻ ആരോഗ്യ മന്ദിർ പൊതുജനങ്ങൾക്കു നൽകുന്നത്. സ്ത്രീകൾ, കുട്ടികൾ, കൗമാരക്കാർ എന്നിവർക്കുള്ള ക്ലിനിക്ക് ചൊവ്വാഴ്ചകളിലും ജീവിത ശൈലി, വയോജന ക്ലിനിക്ക് എന്നിവ വ്യാഴാഴ്ചകളിലും പ്രവർത്തിക്കുന്നു. ഹീമോഗ്ലോബിൻ, ബ്ലഡ് ഷുഗർ, രക്തസമ്മർദ്ദം, ടി.ബി കഫം പരിശോധന (സാംപിൾ ശേഖരണം), മലേറിയ, ഡെങ്കി, മന്ത് രോഗം, ഹെപ്പറ്റൈറ്റിസ് ബി എന്നീ ലാബ് പരിശോധനകളും ഇവിടെയുണ്ട്, ആരോഗ്യകരമായ ഭക്ഷണം, ഇൻഹേലറുകളുടെ ശരിയായ ഉപയോഗം, കൗമാര ആരോഗ്യം, ഗർഭകാല പരിചരണം, മുലയൂട്ടലും ശിശു ആഹാരങ്ങളും പുകയിലയുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം എന്നിവയാണ് കേന്ദ്ര ത്തിലെ വിഷയാധിഷ്ഠിത ക്ലിനിക്കുകൾ.

1989ൽ സബ് സെന്ററായാണ് വടക്കനാട് ആയുഷ്മാൻ ആരോഗ്യമന്ദിർ പ്രവർത്തനമാരംഭിച്ചത്. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മൂന്നു വാർഡുകൾ കേന്ദ്രത്തിന്റെ പരിധിയിലുണ്ട്. 4568 ആണ് ആകെ ജനസംഖ്യ. ഇതിൽ 2055 പേർ ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. ഏഴ് അങ്കൺവാടികളും സ്കൂളും മേഖലയിൽ പ്രവർ ത്തിക്കുന്നു. 50 കോളനികളിലായി 618 ആദിവാസി വീടുകൾ ഇവിടെയുണ്ട്. ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, എം.എൽ.എസ്.പി, മൂന്നു ജനറൽ ആശമാർ, ഒമ്പത് ഹാംലറ്റ് ആശമാർ എന്നിവരാണ് വടക്കനാട് എച്ച്.ഡബ്ല്യു.സിയിൽ പൊതുജന സേവനത്തിലേർപ്പെട്ടിരിക്കുന്നത്.

## രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം മൂന്നാം തവണയും

## ആന്റിബയോട്ടിക് ഉപയോഗം കുറയ്ക്കുക ലക്ഷ്യം

# 2023ലെ ആന്റിബയോഗ്രാം കേരളം പുറത്തിറക്കി



തിരുവനന്തപുരം: കേരളത്തിലെ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ) തോത് വിലയിരുത്താനും അതിനനുസരിച്ച് ആന്റി മൈക്രോബ്രിയൽ റെസിസ്റ്റൻസ് പ്രതിരോധിക്കാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമായി 2023ലെ ആന്റിബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുറത്തിറക്കി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെയാണ് മന്ത്രിക്ക് റിപ്പോർട്ട് കൈമാറിയത്. 2022ൽ ഈ സർക്കാരിന്റെ കാലത്താണ് രാജ്യത്ത് ആദ്യമായി 2021ലെ ആന്റി ബയോഗ്രാം പുറത്തിറക്കുന്നത്. ഇത് തുടർച്ചയായ മൂന്നാം തവണയാണ് കേരളം ചിട്ടയായ പ്രവർത്തനങ്ങളോടെ ആന്റിബയോഗ്രാം പുറത്തിറക്കുന്നത്. ലോക ആന്റിബയോട്ടിക് അവബോധ വാരാചരണത്തിന്റെ ഭാഗമായി ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലുൾപ്പെടെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്. വീടുകളിൽ എത്തിയുള്ള ബോധവത്ക്കരണ പരിപാടിയിൽ മന്ത്രി വീണാ ജോർജ് നേരിട്ട് പങ്കാളിയായി.

കാർസ്നെറ്റ് ശൃംഖലയിൽ ഉൾപ്പെട്ട ത്രിതീയ ആരോഗ്യ കേന്ദ്രങ്ങളുടേതാണ് ഈ റിപ്പോർട്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം മനസിലാക്കാനും അതിലൂടെ കർമ്മപദ്ധതി ആവിഷ്ക്കരിച്ച് അത് കുറയ്ക്കാനും ആന്റിബയോഗ്രാം റിപ്പോർട്ടിലൂടെ സാധിക്കുന്നു. സംസ്ഥാന ആന്റിബയോഗ്രാം റിപ്പോർട്ടിൽ നിന്നും ആന്റിബയോട്ടിക് റെസിസ്റ്റൻസ് തോത് വലിയ ഭീഷണിയായി തന്നെ നിലനിൽക്കുന്നതായാണ് കാണുന്നത്.

കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കാർസാപ്), കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ് വർക്ക് (കാർസ്നെറ്റ്) എന്നിവ രൂപീകരിച്ചാണ് എ.എം.ആർ പ്രതിരോധം ശക്തമാക്കിയത്. എ.എം.ആർ പ്രതിരോധം വിലയിരുത്തുന്നതിന് 9 ജില്ലകളിലെ 21 ലാബുകളിൽ നിന്നും 13 ജില്ലകളിളെ 51 ലാബുകളായി, ലബോറട്ടറികളുടെ ശൃംഖല ഘട്ടം ഘട്ടമായി വികസിച്ചു. ആന്റിമൈക്രോബിയൽ ഡാറ്റയുടെ ശേഖരണത്തിനും വിശകലനത്തിനും ഡബ്ല്യു.എച്ച്.ഒ നെറ്റ് (WHONET) സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്.

2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള എ.എം.ആർ ഡേറ്റയാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ കാലയളവിൽ 11 ജില്ലകളിൽ നിന്നുള്ള 34 നിരീക്ഷണ ലബോറട്ടറികളാണ് ഡേറ്റ സമർപ്പിച്ചത്. 45,397 മുൻഗണനാ രോഗകാരികളുടെ ആന്റിമൈക്രോബയൽ സസെപ്റ്റിബിലിറ്റി (എ.എസ്.ടി.) സംവേദ്യത ഡേറ്റയും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമിക തലത്തിലും ദ്വിതീയ തലത്തിലുമുള്ള ആശുപത്രികളിലെ ആന്റിബയോഗ്രാം തയ്യാറാക്കുന്നതിനായി രാജ്യത്തിലാദ്യമായി ഹബ്ബ് ആന്റ് സ്പോക്ക് മോഡൽ ഫോർ എ.എം.ആർ സർവൈലൻസ് കേരളം ആരംഭിച്ചിരുന്നു. രാജ്യത്ത് കേരളത്തിൽ മാത്രമേ ഈ നിരീക്ഷണ സംവിധാനമുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി എറണാകുളം ജില്ലയിലെ ആന്റിബയോഗ്രാം കേരളം പുറത്തിറക്കി. ജില്ലാതല ആന്റിബയോഗ്രാം അടിസ്ഥാനമാക്കി എറണാകുളം ജില്ലയുടെ ആന്റിബയോട്ടിക് മാർഗരേഖ ഇന്നലെ മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തു. ശക്തമായ ഹബ്ബ് ആന്റ് സ്പോക്ക് എ.എം.ആർ സർവൈലൻസിലൂടെ അടുത്ത വർഷത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കും.

സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റുകയെന്നലക്ഷ്യത്തോടെയാണ്കേരളം പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും ജില്ലാതല ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് കമ്മിറ്റികളും ബ്ലോക്ക് തല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദേശത്തിന്റെ ഫലമായി കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ ഈ വർഷം കുറവുണ്ടായി. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ചരിത്ര മുന്നേറ്റം നടത്തി കാരുണ്യ സ്പർശം: പദ്ധതി വൻ വിജയം
കാൻസർ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ

# മൂന്നര മാസം കൊണ്ട് രണ്ട് കോടിയിലധികം രൂപയുടെ കാൻസർ മരുന്നുകൾ




തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ 100ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ 'കാരുണ്യ സ്പർശം – സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പദ്ധതി വഴി 2.01 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ 1.34 കോടി രൂപ കുറച്ചാണ് കാരുണ്യ സ്പർശം കൗണ്ടറുകൾ വഴി വിതരണം ചെയ്തത്. തികച്ചും ലാഭരഹിതമായാണ് മരുന്നുകൾ നൽകുന്നത്. ഇക്കഴിഞ്ഞ ആഗസ്റ്റ് 29നാണ് പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. കേവലം മൂന്നര മാസം കൊണ്ട് നിരവധി പേർക്കാണ് ഇതിലൂടെ സഹായകമായതെന്നും മന്ത്രി വ്യക്തമാക്കി.

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസികളിലെ 'കാരുണ്യ സ്പർശം – സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പ്രത്യേക കൗണ്ടർ വഴിയാണ് കാൻസർ മരുന്നുകൾ വിതരണം ചെയ്ത് വരുന്നത്. വിലകൂടിയ കാൻസർ മരുന്നുകൾ ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മന്ത്രി വീണാ ജോർജ് മുൻകൈയ്യെടുത്ത് പദ്ധതി ആരംഭിച്ചത്. 40,000 രൂപ വിലവരുന്ന മരുന്നുകൾ പോലും കേവലം 6,000 രൂപ മാത്രം ഈടാക്കിയാണ് ഈ കൗണ്ടർ വഴി വിൽപന നടത്തി വരുന്നത്.

കാൻസർ ചികിത്സയ്ക്കുള്ള ബഹുഭൂരിപക്ഷം മരുന്നുകളും സീറോ പ്രോഫിറ്റായി ലഭ്യമാക്കുന്നു. ആരംഭത്തിൽ 247 ബ്രാൻഡഡ് ഓങ്കോളജി മരുന്നുകളാണ് ലാഭമില്ലാതെ പ്രത്യേക കൗണ്ടർ വഴി ലഭ്യമാക്കിയത്. ഇപ്പോഴത് 252 മരുന്നുകളാക്കി. കാരുണ്യ സ്പർശം കൗണ്ടറുകളിൽ പ്രത്യേകം ജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 74 കാരുണ്യ ഫാർമസികളാണ് ഉള്ളത്. ഇന്ത്യയിലെ വിവിധ ബ്രാൻഡഡ് കമ്പനികളുടെ 7,000ത്തോളം മരുന്നുകളാണ് ഏറ്റവും വിലകുറച്ച് കാരുണ്യ ഫാർമസികൾ വഴി നൽകുന്നത്. ഇത് കൂടാതെയാണ് കാൻസറിനുള്ള മരുന്നുകൾ പൂർണമായും ലാഭം ഒഴിവാക്കി നൽകുന്നത്.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലെ കാരുണ്യ സ്പർശം കൗണ്ടറുകൾ വഴിയാണ് ഉയർന്ന വിലയുള്ള ആന്റി കാൻസർ മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളത്. കൂടുതൽ കൗണ്ടറുകൾ സ്ഥാപിക്കാനാണ് ആരോഗ്യ വകുപ്പിന്റെ ശ്രമം.

**മരുന്നുകൾ ലഭിക്കുന്ന കാരുണ്യ ഫാർമസികൾ**

- തിരുവനന്തപുരം മെഡിക്കൽ കോളേജ്
- ഗവ. കൊല്ലം വിക്ടോറിയ ആശുപത്രി
- പത്തനംതിട്ട ജനറൽ ആശുപത്രി
- ആലപ്പുഴ മെഡിക്കൽ കോളേജ്
- കോട്ടയം മെഡിക്കൽ കോളേജ്
- ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആശുപത്രി
- എറണാകുളം മെഡിക്കൽ കോളേജ്
- തൃശൂർ മെഡിക്കൽ കോളേജ്
- പാലക്കാട് ജില്ലാ ആശുപത്രി
- മലപ്പുറം തിരൂർ ജില്ലാ ആശുപത്രി
- കോഴിക്കോട് മെഡിക്കൽ കോളേജ്
- മാനന്തവാടി ജില്ലാ ആശുപത്രി
- കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്
- കാസർഗോഡ് ജനറൽ ആശുപത്രി

ട്രെയിൻ യാത്രയിലെ ആരോഗ്യ ബോധവത്ക്കരണം വൈറൽ

# ഉടുപ്പി വഴി ആലപ്പുഴയിലേക്ക്

അഭിനന്ദനങ്ങളുമായി ആരോഗ്യമന്ത്രി വീണാ ജോർജ്

Veena George
20 December at 21:25

പ്രിയപ്പെട്ടവരെ,

ഈ വീഡിയോ ഇവിടെ പങ്കുവയ്ക്കട്ടെ...

പശ്ചാത്തലം മാവേലി എക്സ്പ്രസ്സില് ആലപ്പുഴ ജില്ലയുടെ ഏകാരോഗ്യത്തിന്റെ Mentor (One Health District Mentor) ശ്രീമതി പുലോമജ, മൂകാംബികയില് ദർശനം നടത്തിയിട്ട് മടങ്ങുകയാണ്. കമ്പാർട്ടുമെന്റിലുള്ള മറ്റ് യാത്രക്കാരുമായി യാത്രക്കിടെ ശ്രീമതി പുലോമജ പരിചയപ്പെട്ടു. പല കാര്യങ്ങളെ കുറിച്ചും സംസാരിച്ചു. യാത്ര പുരോഗമിക്കുമ്പോള് ശ്രീമതി പുലോമജ പറഞ്ഞു, 'എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്. ഞാനൊന്ന് പറയട്ടെ...'... See more

See translation



തിരുവനന്തപുരം: ആരോഗ്യ പ്രവർത്തകയുടെ ട്രെയിൻ യാത്രയിലെ ആരോഗ്യ ബോധവത്ക്കരണ വീഡിയോ ഏറ്റെടുത്ത് സോഷ്യൽ മീഡിയ. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യുകയും അവബോധം നൽകിയ ആലപ്പുഴ വൺ ഹെൽത്ത് ജില്ലാ മെന്ററായ പുലോമജയെ നേരിട്ട് വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു.

31 വർഷം ആരോഗ്യ വകുപ്പിൽ സേവനം അനുഷ്ഠിച്ചിരുന്ന വ്യക്തിയാണ് പുലോമജ. പ്രവർത്തന മികവിന് 2007ൽ ഏറ്റവും മികച്ച നഴ്സിനുള്ള സംസ്ഥാന അവാർഡും ലഭിച്ചിരുന്നു. 2018ൽ ആരോഗ്യ വകുപ്പിൽ നിന്നും വിരമിച്ച ശേഷം വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ജില്ലാ മെന്ററായി സേവനം അനുഷ്ഠിച്ച് വരികയാണ്. ആന്റിബയോട്ടിക് സാക്ഷര കേരളത്തിന്റെ ഭാഗമായി ആന്റിബയോട്ടിക്കുകൾ അമിതമായി ഉപയോഗിച്ചാലുള്ള ദോഷവശങ്ങളെ പ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരികയായിരുന്നു. ആരോഗ്യ വകുപ്പ് അടുത്തിടെയാണ് എ.എം.ആർ ബോധവത്ക്കരണം വിപുലമായ ജനകീയ പരിപാടിയായി ആരംഭിച്ചത്. വീട് വീടാനന്തരമുള്ള ജനകീയ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ മന്ത്രി വീണാ ജോർജും പങ്കെടുത്തിരുന്നു.

ഈ പ്രവർത്തനങ്ങൾക്കിടയിലാണ് പുലോമജ രണ്ട് ദിവസം അവധി എടുത്ത് മൂകാംബിക, ഉഡുപ്പി ക്ഷേത്രങ്ങളിൽ ദർശനത്തിന് പോയത്. ദർശനത്തിന് ശേഷം മംഗലാപുരം റെയിൽവേ സ്റ്റേഷനിൽ നിന്നും മാവേലി എക്സപ്രസിൽ മടക്കയാത്ര ചെയ്യുമ്പോൾ ഒപ്പം യാത്ര ചെയ്തിരുന്ന കുറച്ച് അധ്യാപകരെ പരിചയപ്പെടാനിടയായി. രാത്രി ഭക്ഷണത്തിന് ശേഷം എല്ലാവരുമായി നാട്ടുകാര്യങ്ങൾ സംസാരിച്ചിരിക്കെ ആരോഗ്യ സംബന്ധിയായ ഒരു വിഷയം പങ്കിടാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞപ്പോൾ എല്ലാവരും താൽപര്യം കാണിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ) കാലിക പ്രസക്തിയുള്ള വിഷയമായതിനാൽ അതുതന്നെ തെരഞ്ഞെടുത്തു. എല്ലാവരും ശ്രദ്ധയോടെ, അതിലേറെ അതിശയത്തോടെയാണ് ക്ലാസ് കേട്ടിരുന്നത്. ഇതെന്തന്നറിയാൻ മറ്റ് യാത്രക്കാരും ടി.ടി.ഇയും ഒപ്പം ചേർന്നു.

ആന്റിബയോട്ടിക് പോലെയുള്ള മരുന്നുകളുടെ ദുരുപയോഗം ഭാവിയിൽ ആ രോഗാണുക്കൾക്കെതിരെ ആന്റിബയോട്ടിക്കുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിലേക്ക് നയിക്കുമെന്നും വിവേകമില്ലാതെയുള്ള മരുന്ന് ഉപയോഗം വലിയ വിപത്ത് ക്ഷണിച്ചു വരുത്തുമെന്നുമുള്ള അറിവ് മറ്റുള്ളവർക്ക് കേൾക്കാൻ താത്പര്യമേകി. ബാക്ടീരിയ മൂലമുണ്ടാകുന്ന അസുഖങ്ങൾക്ക് മാത്രമാണ് ആന്റിബയോട്ടിക് മരുന്ന് ഫലപ്രദമെന്ന തിരിച്ചറിവ് അവരെ അതിശയപ്പെടുത്തി. കേട്ടിരുന്നവർ ഫോട്ടോകളും വീഡിയോയും എടുക്കുകയും ചെയ്തു. ആ വീഡിയോയാണ് സോഷ്യൽ മീഡിയ ഏറ്റെടുത്തത്.

മന്ത്രി വീണാ ജോർജ് പുലോമജയെപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്. 'ശ്രീമതി പുലോമജ പറയുന്നത് എ.എം.ആർ. അഥവാ ആന്റിബയോട്ടിക്കുകൾക്കെതിരെ രോഗാണുക്കൾ ആർജിക്കുന്ന പ്രതിരോധത്തിന്റെ അപകടത്തെ കുറിച്ചാണ്, അതിനെതിരെ നാം ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചാണ്... സമർപ്പണം, ആത്മാർത്ഥത, ചെയ്യുന്ന പ്രവർത്തനത്തോടുള്ള ഇഷ്ടം, സാമൂഹിക പ്രതിബദ്ധത... പ്രിയപ്പെട്ട പുലോമജ, നിങ്ങളുടെ പ്രവർത്തനം ഹൃദയത്തെ സ്പർശിക്കുന്നതാണ്. അഭിമാനവും സന്തോഷവും പങ്കുവയ്ക്കട്ടെ...'

മന്ത്രി വിളിച്ച് അഭിനന്ദനങ്ങൾ അറിയിക്കുകയും യാത്രയക്കുറിച്ചും ക്ലാസ് എടുക്കാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ചും വിശദമായി ചോദിച്ചു മനസിലാക്കിയതുമായി പുലോമജ പറഞ്ഞു. 'വീഡിയോ കണ്ടത് മാഡത്തിന്റെ കണ്ണ് നനയിച്ചു എന്ന് പറഞ്ഞത് എന്നിൽ അതിശയവും അതിലേറെ അഭിമാനവുമുണ്ടാക്കി. നേരിൽ കാണാം എന്ന് പറഞ്ഞവസാനിപ്പിച്ച ആ സംഭാഷണം, പ്രവർത്തന മേഖലയിൽ ഏറെ ആർജവത്തോടെ ഇനിയും മുന്നോട്ടുപോകാനുള്ള എന്നിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക തന്നെ ചെയ്തു.' എന്നാണ് തന്റെ അനുഭവ കുറിപ്പിൽ പുലോമജ പറയുന്നത്.

ഡി.ഇ.ഐ.സിയിലൂടെ

# ഐസാൻ തിരിച്ച് ജീവിതത്തിലേക്ക്

അതിജീവനം ആരോഗ്യം
ജീവിതം
തിരിച്ചു പിടിച്ചവർ
പറയുന്നു



കോഴിക്കോട്: 'ഞാൻ ഫാത്തിമ മഹദിയ, കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പ് താമസിക്കുന്നു. മകൻ ഐസാൻ മൂന്ന് വയസ്സ് വരെ സാധാരണ കുട്ടികളെ പോലെ കളിക്കുകയും ചിരിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂന്ന് വയസ്സിന് ശേഷം അവന് ശാരീരികമായി കാഴ്ച്ചയുൾപ്പെടെ കുറച്ച് ബുദ്ധിമുട്ടുകൾ വന്നുതുടങ്ങി.

ഗവ. ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി എന്ന കേന്ദ്രത്തിലൂടെ എന്റെ ജീവിതത്തിലെ വലിയ ഒരു ദുഖത്തിന് അറുതി വന്നു. ഐസാൻ തിരിച്ച് ജീവിതത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്, ഡി.ഇ.ഐ.സി യുടെ സഹായത്തോടെ.

മൂന്നാം വയസിൽ മറ്റു കുട്ടികളോടൊപ്പം അങ്കണവാടിയിൽ പോയിരുന്ന സമയത്ത് അവന് അപസ്മാരം വരികയും അതിനു ശേഷം വളർച്ചാ കാലഘട്ടത്തിൽ ഉണ്ടായിരുന്ന എല്ലാ നാഴികകല്ലുകളും പൂർണമായും നഷ്ടപെടുകയും ഐ.സി.യു വിൽ ദിവസങ്ങളോളം കിടക്കേണ്ടതായും വന്നു. ആ സമയത്താണ് കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്കുള്ള ഡി.ഇ.ഐ.സി സെന്ററിനെ കുറിച്ച് പൂവാട്ട്പറമ്പുള്ള ഫിസിയോതെറാപ്പിസ്റ്റ് പറഞ്ഞ് ഞങ്ങൾ അറിഞ്ഞത്.

അങ്ങനെ മോനെ 2022 നവംബറിൽ ഡി.ഇ.ഐ.സി യിൽ കൊണ്ടുപോവുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഡി.ഇ.ഐ.സി യിലെ എല്ലാ വിഭാഗത്തിലും (സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എജ്യുക്കേഷൻ, ഫിസിയോതെറാപ്പി, സൈക്കോളജിസ്റ്റ്, ദന്തവിഭാഗം, നേത്ര വിഭാഗം, പീഡിയാട്രിഷൻ) കാണിക്കുകയും അവിടെ നിന്നും വിശദമായ പരിരോധനക്ക് ശേഷം തുടർന്ന് ചെയ്യേ തെറാപ്പികൾക്ക് ഉള്ള തീയ്യതിയും നൽകി.

ഡി.ഇ.ഐ.സി യിൽ ഞങ്ങൾ മോനെ കൊണ്ടു പോകുന്ന സമയം കഴുത്ത് ഉറക്കാതെ, നടക്കാൻ ആവാതെ, സംസാരം ഇല്ലാതെ എന്തിന് ഭക്ഷണം പോലും ട്യൂബിലൂടെ നൽകുന്ന അവസ്ഥയിലായിരുന്നു. അപസ്മാരം മൂലം കാഴ്ച രൂപപ്പെടുന്ന തലച്ചോറിലെ ഭാഗത്തിന് ഏറ്റ ക്ഷതം അവനെ Cortical Visual impairment എന്ന അവസ്ഥയിലാക്കി. ഇതുമൂലം മോൻ ചുറ്റുപാടും ഒന്നും തന്നെ നോക്കുകയോ അറിയുകയോ, എന്നെ നോക്കി ചിരിക്കുകയോ ചെയ്യാത്ത രീതിയിലായിരുന്നു. ഒരുപാട് വിഷമം നിറഞ്ഞതായിരുന്നു എന്റെ ഓരോ ദിവസങ്ങളും. എന്നാൽ ഇന്ന് ഞാൻ ശരിക്കും സന്തോഷിക്കുന്നു. ഒരുപാട് ശുഭപ്രതീക്ഷ എനിക്ക് ഡി.ഇ.ഐ.സി മുഖേന ലഭിച്ചു. ഇന്ന് അവൻ ഒറ്റയ്ക്ക് ഇരിക്കുന്നു, കൈപിടിച്ച് നടക്കുന്നു, അവന്റെ കഴുത്ത് ഉറച്ചു. അതിലേറെ മോൻ എന്റെ മുഖത്ത് നോക്കി ഇടയ്ക്ക് ചിരിക്കുകയും ചെയ്യാൻ തുടങ്ങി. ഇതെല്ലാം എന്റെ മോന് സാധ്യമായത് ഡി.ഇ.ഐ.സി യിൽ നിന്നും കഴിഞ്ഞ 2 വർഷമായി മുടങ്ങാതെ കിട്ടുന്ന തെറാപ്പികളിലൂടെയാണ്. വിദഗ്ധരായ തെറാപ്പിസ്റ്റുകളുടെ സേവനം ആഴ്ചയിൽ 3 ദിവസം അവന് ലഭിച്ചു. കൂടുതൽ മാറ്റങ്ങൾക്കും സാധാരണ രീതിയിലേക്കുമുള്ള മാറ്റത്തിനായി ഇന്നും തെറാപ്പി തുടരുന്നു.

# ക്രിസ്തുമസ് ദിനത്തിൽ ദുരന്ത മുഖത്ത് സേവനമനുഷ്ഠിച്ചവർക്കൊപ്പം

## മേപ്പാടിയിൽ അപ്രതീക്ഷിത സന്ദർശനം നടത്തി മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: ക്രിസ്തുമസ് ദിനത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വയനാട് മേപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരോടൊപ്പം. മന്ത്രിയുടെ അപ്രതീക്ഷിതമായുള്ള സന്ദർശനത്തിന്റെ അമ്പരപ്പിലായിരുന്നു ആരോഗ്യ പ്രവർത്തകർ. വയനാട്ടിലെത്തി മേപ്പാടിയിലേക്കുള്ള യാത്രാമധ്യേയാണ് മന്ത്രി വീണാ ജോർജ് എംഎൽഎ ടി. സിദ്ദിഖിനേയും ഡി.എം.ഒ. ദിനീഷിനേയും ഡി.പി.എം.ഡോ.സമീഹയേയുമൊക്കെ വിളിച്ചത്. പെട്ടന്നുള്ള ക്ഷണത്തിലും അവരെല്ലാം ഒപ്പം ചേർന്നു. മുൻ പഞ്ചായത്ത് പ്രസിഡന്റ് സഹദും എത്തിച്ചേർന്നു.

നൂറിലധികം മൃതദേഹങ്ങൾ തിരിച്ചറിഞ്ഞ ആശപ്രവർത്തകയും കേരള ശ്രീ പുരസ്കാര ജേതാവുമായ ഷൈജാ ബേബി, ആശ പ്രവർത്തക സുബൈദ, സ്റ്റാഫ് നഴ്സ് സഫ്വാന, കോഴിക്കോട് മെഡിക്കൽ കോളേജിൽ ആഴ്ചകളോളം വെന്റിലേറ്ററിൽ കിടന്ന് വളരെ ഗുരുതരാവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് രക്ഷപ്പെട്ടു വന്ന അവ്യുക്ത്, അമ്മ രമ്യ എന്നിവരെ വീട്ടിലെത്തി കണ്ടു. സുബൈർ, ഹോസ്പിറ്റൽ അറ്റൻഡർ ഫൈസൽ തുടങ്ങിയവരെ ആരോഗ്യ കേന്ദ്രത്തിൽ വച്ച് കണ്ടു. ദുരന്ത മുഖത്തും മനസാന്നിധ്യത്തോടെ സേവനമനുഷ്ഠിച്ച എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു.

ഉരുൾപ്പൊട്ടലിന്റെ രക്ഷാപ്രവർത്തനത്തിനിടയിൽ മേപ്പാടി ആരോഗ്യ കേന്ദ്രത്തിൽ ഇൻക്വസ്റ്റിനും പോസ്റ്റ്മോർട്ടത്തിനും മൃതദേഹം എത്തിക്കുന്നിടത്ത് കർമ്മനിരതയായിരുന്നു ഷൈജാ ബേബി. എല്ലാം നഷ്ടപ്പെട്ട് ഉയർന്ന സ്ഥലത്തേയ്ക്ക് പോയപ്പോൾ ചെളിയിൽ താഴ്ന്നു പോയിരുന്ന ഏഴു വസുകാരിയെ ചെറിയ ചലനം കണ്ട് കുട്ടിയാണെന്ന് മനസിലാക്കി പ്രാഥമിക ശുശ്രൂഷ നൽകി രക്ഷിച്ച ആശ പ്രവർത്തകയാണ് സുബൈദ. അടുത്ത ബന്ധുക്കളെ ദുരന്തത്തിൽ നഷ്ടപ്പെട്ടെങ്കിലും രാപ്പകലില്ലാതെ പ്രവർത്തിച്ചയാളാണ് ഫൈസൽ. 9 ബന്ധുക്കൾ മരണമടഞ്ഞിട്ടും മറ്റുള്ളവർക്കായി സേവനമനുഷ്ഠിച്ച സ്റ്റാഫ് നഴ്സാണ് സഫ്വാന. രണ്ട് കുട്ടികളേയും നഷ്ടപ്പെട്ട സുബൈറിന്റെ ഭാര്യ ഗുരുതരാവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. ക്രിസ്തുമസ് ദിനത്തിൽ തങ്ങളെത്തേടി മന്ത്രി എത്തിയപ്പോൾ അവർക്കേറെ സന്തോഷവും ആശ്വാസവുമായി.

## ആരോഗ്യ പരിചരണത്തിൽ പുതിയ നാഴികക്കല്ല്

# സ്പെക്റ്റ് സിടി സ്കാനർ



തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ നൂതന സ്പെക്റ്റ് സിടി സ്കാനർ പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡിസംബർ 16 മുതൽ ട്രയൽ റണ്ണിന് ശേഷം പ്രവർത്തനം ആരംഭിക്കും. ഈ പുതിയ സാങ്കേതികവിദ്യയിലൂടെ കാൻസർ രോഗ നിർണയവും ചികിത്സയും അതോടൊപ്പം തൈറോയിഡ്, ഹൃദയം, തലച്ചോറ്, കരൾ, വൃക്കകൾ, ശ്വാസകോശം തുടങ്ങിയ വിവിധ അവയവങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും രോഗ നിർണയത്തിനും ചികിത്സാ നിരീക്ഷണത്തിനും സാധിക്കും. ഡോക്ടർക്ക് തത്സമയം അവയവങ്ങളുടെ പ്രവർത്തനങ്ങൾ കണ്ട് രോഗനിർണയം നടത്തി റിപ്പോർട്ട് നൽകാൻ ഇതിലൂടെ സാധിക്കുന്നു. സ്വകാര്യ വൻകിട ആശുപത്രികളിലുള്ള ഈ സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലുമാണ് സജ്ജമാക്കിയിരിക്കുന്നത്. ആർസിസിയിലും എംസിസിയിലും ഇത് സ്ഥാപിച്ചിട്ടുണ്ട്. ന്യൂക്ലിയർ മെഡിസിനിൽ പിജി കോഴ്സ് ആരംഭിച്ച് ചികിത്സ വിപുലപ്പെടുത്താനാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

സ്പെക്റ്റ് (Single Photon Emission Computed Tomography), സിടി (Computed Tomography) എന്നീ രണ്ട് ഇമേജിംഗ് രീതികൾ സംയോജിപ്പിച്ചുള്ളതാണ് സ്പെക്റ്റ് സിടി സ്കാനർ. അൾട്രാസൗണ്ട് സ്കാൻ, എക്സ് റേ, സിടി സ്കാൻ, എംആർഐ സ്കാൻ എന്നിവ പ്രധാനമായും ശരീര ഘടന സംബന്ധിച്ച വിവരങ്ങൾ നൽകുമ്പോൾ ന്യൂക്ലിയർ മെഡിസിൻ സ്കാനുകൾ അവയവങ്ങളുടെ പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്. സ്പെക്റ്റ് സിടി, പെറ്റ് സിടി എന്നീ ഉപകരണങ്ങൾ ശരീര ഘടനയും പ്രവർത്തനവും ഒരേ സമയം പഠിക്കുന്നതിന് സഹായിക്കുന്നു.

റേഡിയോ ആക്ടീവ് ട്രേസർ ഉപയോഗിച്ചാണ് സ്പെക്റ്റ് സിടി പ്രവർത്തിപ്പിക്കുക. വളരെ കുറഞ്ഞ അളവിലുള്ള റേഡിയേഷൻ ഉപയോഗിക്കുന്നതിനാൽ വികിരണം മൂലം കോശങ്ങൾക്ക് ഉണ്ടാകുന്ന തരാറുകൾക്കുള്ള സാധ്യത വളരെ കുറവാണ്. രോഗാധിക്യമുള്ള കോശങ്ങളിലേക്ക് ട്രേസർ ആഗിരണം ചെയ്യപ്പെടുകയും ഗാമ രശ്മികളെ പുറപ്പെടുവിക്കുകയും ചെയ്യുന്നു. സ്പെക്റ്റ് സ്കാനർ ഈ രശ്മികളെ ഡിറ്റക്റ്റ് ചെയ്യുകയും ത്രീഡി ഇമേജ് സൃഷ്ടിക്കുകയും ചെയ്യുന്നു. അതേസമയം സിടിയിലൂടെ എക്സ്റേ ഉപയോഗിച്ച് ശരീര കലകളുടെ ഘടന സംബന്ധിച്ച് വിശദമായ വിവരങ്ങൾ നൽകുകയും ചെയ്യുന്നു. രോഗാധിക്യമുള്ളഅവയവങ്ങളെകൃത്യമായി കണ്ടെത്താനും പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കാനും കഴിയുന്നു.

കേരളത്തിൽ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ, തലശ്ശേരി മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ മേഖലയിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം പ്രവർത്തിക്കുന്നത്. രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം, കമ്പ്യൂട്ടർ സാങ്കേതികവിദ്യ, ഇമേജിംഗ്, വൈദ്യശാസ്ത്രം എന്നിങ്ങനെ വിവിധ ശാസ്ത്ര ശാഖകളുടെ ഒരു സംയോജനമാണ് ന്യൂക്ലിയർ മെഡിസിൻ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ ഒപി, തൈറോയ്ഡ് ക്ലിനിക് എന്നീ ഒപി വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നത്. കാൻസറിനും, കാൻസർ ഇതര രോഗങ്ങൾക്കും ന്യൂക്ലിയർ മെഡിസിൻ ചികിത്സ ഫലപ്രദമാണ്. ചുറ്റുമുള്ള ശരീര കലകൾക്ക് ദോഷം ഉകാതെ കാൻസർ ബാധിച്ച കോശങ്ങളിൽ മാത്രം റേഡിയേഷൻ നൽകാൻ ന്യൂക്ലിയർ മെഡിസിൻ ചികിത്സയ്ക്ക് കഴിയും.

7.3 കോടി രൂപ ചെലവഴിച്ചുള്ള സ്പെക്റ്റ് സിടി സ്കാനറിന് പുറമേ 15 കോടി ചെലവഴിച്ച് പെറ്റ് സിടി (PET-CT) സ്കാനർ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും 4 കോടി ചെലഴിച്ചുള്ള ന്യൂക്ലിയർ മെഡിസിൻ ഹൈഡോസ് തെറാപ്പി വാർഡ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. മെഡിക്കൽ കോളേജിൽ സ്പെക്റ്റ് സിടി സ്കാനർ സൗകര്യം ലഭ്യമാക്കുന്നതിലൂടെ രോഗികൾക്ക് ഏറ്റവും മികച്ച ആരോഗ്യ പരിചരണം നൽകുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയാണ്.

# നവീകരിച്ച ഡി ഇ ഐ സി ഉദ്ഘാടനം ചെയ്തു



എറണാകുളം: ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ (District Early Intervention Centre) കേന്ദ്രത്തിന്റെ നവീകരിച്ച കെട്ടിടം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

ദേശീയ ആരോഗ്യദൗത്യം അനുവദിച്ച 15 ലക്ഷം, കൊച്ചിൻ ഷിപ്പ് യാർഡിന്റെ 15 ലക്ഷം, ഫെഡറൽ ബാങ്കിന്റെ 13 ലക്ഷം എന്നിവ സംയോജിപ്പിച്ചാണ് പുതിയ സെൻസറി റൂം ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങളോടെ ഡി ഇ ഐ സി സജ്ജമാക്കിയിട്ടുള്ളത്. ഷിപ്പ് യാർഡിന്റെ സഹായത്തോടെ നിർമിച്ച കുട്ടികളുടെ പാർക്ക് ഉൾപ്പെടുന്ന പൂമ്പാറ്റ കവാടം സെന്ററിനെ കൂടുതൽ ആകർഷകമാക്കുന്നു. ആശുപത്രിയിൽ ലഭ്യമായ സ്ഥലത്ത് എല്ലാ സൗകര്യങ്ങളും ആകർഷകമായി തന്നെ ഒരുക്കിയിട്ടുണ്ട്.

ആന്റിബയോട്ടിക് പോളിസിയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ഒരു ജില്ല ആന്റിബയോട്ടിക് പോളിസി തയ്യാറാക്കുന്നത്.

പ്രതീക്ഷ സമഗ്ര പാലിയേറ്റീവ് ഫിസിയോതെറാപ്പി പദ്ധതി, കുട്ടികളുടെ സാന്ത്വനപരിചരണ പദ്ധതി, നവീകരിച്ച മരുന്നു സംഭരണകേന്ദ്രം, നവീകരിച്ച ഒഫ്താൽമോളജി വിഭാഗം, നവീകരിച്ച സ്ത്രീകളുടെ വാർഡ്, ബുക്ക് സ്റ്റാൻഡർ പദ്ധതി തുടങ്ങിയവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ടി ജെ വിനോദ് എം എൽ എ അദ്ധ്യക്ഷത വഹിച്ചു. എറണാകുളം ജനൽ ആശുപത്രിയുമായി രക്തദാതാക്കളെ ബന്ധിപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടുള്ള ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ ആയ താങ്ക്ൾയൂ ഡോണറിന്റെ ഉദ്ഘാടനം മേയർ എം അനിൽകുമാറും ഹൈബ്രോസ്കാൻ പദ്ധതിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം പിയും നിർവഹിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ കെ ജെ റീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആശാ ദേവി, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ പി എസ് ശിവപ്രസാദ്, കെസൊട്ടോ എക്സിക്യൂട്ടീ ഡയറക്ടർ ഡോ നോബിൾ ഗ്രേഷ്യസ് തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിൽ വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയയുടെ വാർഷികാഘോഷവും നടന്നു. ജനറൽ ആശുപത്രിയിൽ ആദ്യമായി വൃക്ക മാറ്റിവെച്ച അഞ്ചു പേരും അവരുടെ ദാതാക്കളും ചടങ്ങിൽ പങ്കെടുത്തു.

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
ഡോ. വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

കെ കെ ഷൈജിൽ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി സി), ഇടുക്കി

ധാനി പ്രിയൻ
കൺസൾട്ടന്റ് (ഡി സി), തൃശ്ശൂർ

ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി സി), കോഴിക്കോട്

വിനു എ
കൺസൾട്ടന്റ് (ഡി സി), എറണാകുളം

വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി സി), കോട്ടയം

ആഗ്നൽ ജോസഫ്
കൺസൾട്ടന്റ് (ഡി സി), ആലപ്പുഴ

വർഷ ജയപ്രകാശ്
ജെ.സി (ഡി&സി), തിരുവനന്തപുരം

പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്

ദിവ്യ ഇ ആർ
ജെ.സി (ഡി&സി), മലപ്പുറം

ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ

കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്

നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്

അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട

അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം

ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

എം.എൽ.എസ്.പി.യുടെ ഇടപെടലിൽ

# ഫോബിയയിൽ നിന്ന് ഇ. സഞ്ജീവനി വഴി പരിഹാരം



തൃശൂർ: വേലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള കിരാലൂർ ജനകീയാരോഗ്യകേന്ദ്രത്തിലെ എം.എൽ.എസ്.പി. വിനീത് 2023 സെപ്റ്റംബറിൽ ജനകീയാരോഗ്യകേന്ദ്രത്തിൽ എത്തിയ മനീഷിനോട് (പേര് സാങ്കൽപികം) സംസാരിക്കുമ്പോൾ വരും 9 മാസങ്ങളിൽ തന്റെ ഇടപെടൽ വഴി മനീഷിന്റെ ജീവിതത്തിൽ ഇത്രമേൽ സ്വാധീനം ചെലുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

പനിക്ക് മരുന്ന് ആവശ്യപ്പെട്ടാണ് മനീഷ് എത്തിയത്. പെയിന്റിങ്ങും മറ്റ് അനുബന്ധ ജോലികളും ചെയ്യുന്ന മനീഷ് കിരാലൂരിൽ വാടകവീട്ടിലായിരുന്നു കുടുംബത്തോടൊപ്പം താമസം. തുടർന്ന് ഇ.സഞ്ജീവനി ഓൺലൈൻ ഒ.പി.ഡി. വഴി ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും മരുന്നുകൾ വാങ്ങാനുള്ള കുറിപ്പടി നൽകുകയും ചെയ്തു. കുടുംബാരോഗ്യകേന്ദ്രത്തിൽ ചെന്നാൽ സൗജന്യമായി മരുന്നുകൾ ലഭ്യമാകുമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ സംസാരിക്കുന്നതിനിടെ മനീഷ് വിനീതിനോട് താൻ നേരിടുന്ന ഒരു പ്രശ്നത്തെ കുറിച്ച് വിവരിച്ചു. ഡ്രൈവറായും ഇടക്ക് ജോലി ചെയ്യാറുള്ള അദ്ദേഹത്തിന് ട്രാഫിക് സിഗ്നലിൽ കിടക്കുമ്പോൾ മുൻപിലും പുറകിലും വാഹനങ്ങൾ വന്ന് കിടന്നാൽ പിന്നീട് മുന്നോട്ട് വാഹനം എടുക്കാൻ കഴിയാത്ത അത്ര ഭയം. വാഹനം അവിടെ തന്നെ ഓഫാക്കി നിർത്തി ഓട്ടോ ഡ്രൈവർമാരുടെ സഹായത്തോടെ വാഹനം അവിടെ നിന്നും മാറ്റിയിടേണ്ട സാഹചര്യം പലപ്പോഴും നേരിടേണ്ടി വന്നു. ലിഫ്റ്റിൽ കയറുവാനും സിനിമാ തിയ്യറ്ററിൽ ഇരിക്കുവാനും ഒക്കെ മനീഷിന് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. വീടിന്റെ ജനാലുകളുടെ ചില്ല് തകർക്കുന്ന സാഹചര്യം വരെ ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ ഒരു പ്രശ്നം പുറത്ത് ആരോടെങ്കിലും തുറന്ന് പറയുകയോ മാനസികാരോഗ്യത്തിന് ചികിത്സ തേടുകയോ ചെയ്തിരുന്നില്ല. കുടുംബാംഗങ്ങളാണെങ്കിലും പേടി പതുക്കെ മാറുമെന്ന് പ്രതീക്ഷിച്ച് മുന്നോട്ട് പോയി.

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ചികിത്സ എടുക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തി വിനീത് മനീഷിനെ ഇ.സഞ്ജീവനി ഓൺലൈൻ ഒ.പി.ഡി വഴി സ്പെഷ്യാലിറ്റി ഒ.പി.ക്കായി ശ്രമിക്കുകയും സ്റ്റേറ്റ് ഹബ്ബിൽ കോൾ കണക്ടാവുകയും മനഃശാസ്ത്രവിദഗ്ധയെ ഓൺലൈൻ ആയി ലഭിക്കുകയും ചെയ്തു. എന്നാൽ സാങ്കേതിക തടസ്സം മൂലം സംസാരിക്കാൻ സാധിക്കുകയുണ്ടായില്ല. പിന്നീട് ഡോക്ടർ നേരിട്ട് മനീഷിനോട് സംസാരിച്ച് കാര്യങ്ങൾ വിലയിരുത്തി ഫോബിയ എന്ന രോഗമാണെന്ന് സ്ഥിരീകരിച്ച് ചികിത്സ ആരംഭിച്ചു. എല്ലാ മൂന്ന് മാസത്തിലും ഇ.സഞ്ജീവനി ഓൺ ലൈൻ ഒ.പി.ഡി. വഴി ഫോളോ അപ്പ് ചെയ്ത് ചികിത്സ തുടർന്നു. 9 മാസത്തോടെ തന്നെ മനീഷിന് തന്റെ ഫോബിയയെ വരുതിയിൽ വരുത്താനും മുൻപ് നേരിട്ടിരുന്ന പ്രശ്നങ്ങൾ മൂലം വേണ്ടെന്ന് വച്ചിരുന്ന ഡ്രൈവിങ്, സിനിമ കാണൽ തുടങ്ങിയവയൊക്കെ ചെയ്യുവാനും കഴിഞ്ഞു. സാധാരണ ജീവിതം നയിക്കാൻ മനീഷിന് കൈതാങ്ങായത് എം.എൽ.എസ്.പി വിനീതിന്റെ അവസരോചിതമായ ഇടപെടലും ഇ. സഞ്ജീവനി ഒ.പി.ഡി. വഴിയുള്ള ചികിത്സയുമാണ്.

> ലിഫ്റ്റിൽ കയറുവാനും സിനിമാ തിയ്യറ്ററിൽ ഇരിക്കുവാനും ഒക്കെ മനീഷിന് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു.

ആശുപത്രിയിൽ പോകാതെ തന്നെ ഓൺ ലൈൻ ആയി സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന പ്ലാറ്റ് ഫോമാണ് ഇ. സഞ്ജീവനി ഓൺ ലൈൻ ഒ.പി.ഡി. ഇ.സഞ്ജീവനി വഴി കൺസൾട്ടേഷന് ശരാശരി 6 മിനിട്ട് വരെയാണ് സമയം എടുക്കുന്നത്. രോഗിക്ക് ക്യൂവിൽ കാത്ത് നിൽക്കേണ്ട ആവശ്യവും വരുന്നില്ല. കൺസൾട്ടേഷനു ശേഷം പ്രിസ്ക്രിപ്ഷൻ ഡൗൺലോഡ് ചെയ്ത്, സർക്കാർ സംവിധാനത്തിൽ ആണെങ്കിൽ മരുന്നുകൾ സൗജന്യമായി വാങ്ങാനും സാധിക്കും. ആശുപത്രിയിൽ പോകാതെ തന്നെ വീട്ടിലിരുന്നോ, ഏറ്റവും അടുത്തുള്ള ജനകീയാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ വിദഗ്ധ സഹായത്താൽ പരിശോധനകൾക്ക് ശേഷം ഇ. സഞ്ജീവനി ഓൺ ലൈൻ വഴി സേവനങ്ങൾ സ്വീകരിക്കാവുന്നതാണ്.

എറണാകുളം ജനറൽ ആശുപത്രി ഒരുങ്ങുന്നു

# രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റി വയ്ക്കുന്ന ജില്ലാതല ആശുപത്രി

### ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് ലഭ്യമായി



ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനുള്ള ലൈസൻസ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ കെ സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷഹിർ ഷായ്ക്ക് കൈമാറുന്നു

തിരുവനന്തപുരം: എറണാകുളം ജനറൽ ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സജ്ജമാകുന്നു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാതല ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഒരുങ്ങുന്നത്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനുള്ള ലൈസൻസ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ കെ സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷഹിർഷായ്ക്ക് കൈമാറി.

എത്രയും വേഗം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. രാജ്യത്തിന് തന്നെ അഭിമാനകരമാണ് എറണാകുളം ജനറൽ ആശുപത്രി. രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത് ജനറൽ ആശുപത്രിയിലാണ്. ഹൃദയ ശസ്ത്രക്രിയാ വിദഗ്ധരുടെ സേവനം ലഭ്യമാക്കി രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ നെഞ്ച് തുറക്കാതെ വാൽവ് മാറ്റ ശസ്ത്രക്രിയ നടത്തി. ഇന്ത്യയിൽ ആദ്യമായി ഹൃദയ ശസ്ത്രക്രിയ നടത്തിയ ജില്ലാതല ആശുപത്രി കൂടിയാണ്. കാർഡിയോളജി ഉൾപ്പെടെ 7 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, 2 കാത്ത് ലാബുള്ള ആശുപത്രി, എൻ.എ.ബി.എച്ച്. അംഗീകാരം എന്നിവ ഈ ആശുപത്രിയുടെ പ്രത്യേകതകളാണ്. ഇത് കൂടാതെയാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. 10 ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളാണ് ഇവിടെ നടന്നത്. ഇതിന് പുറമേയാണ് എറണാകുളം ജനറൽ ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി സജ്ജമാകുന്നത്. കാർഡിയോളജി യൂണിറ്റ്, കാർഡിയോളജി ഐസിയു, വെന്റിലേറ്റർ, സുസജ്ജമായ ട്രാൻസ്പ്ലാന്റ് സംവിധാനങ്ങൾ, അത്യാധുനിക ഓപ്പറേഷൻ തീയറ്റർ, ശസ്ത്രക്രിയ ഉപകരണങ്ങൾ, വിദഗ്ധ ഡോക്ടർമാർ തുടങ്ങിയവയൊക്കെ പരിഗണിച്ചാണ് ഒരു സ്ഥാപനത്തിന് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് നൽകുന്നത്.

ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഹാർട്ട് ഫെയ്‌ലർ ക്ലിനിക് ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ഈ ക്ലിനിക് പ്രവർത്തിച്ചു വരുന്നത്. മരുന്ന് കൊണ്ട് ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത, ഹൃദയത്തിന് തകരാറുള്ള രോഗികളെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ലിസ്റ്റ് ചെയ്യുന്നതാണ് ആദ്യ ഘട്ടം. ഇത് നടത്തുന്നത് ഹാർട്ട് ഫെയ്‌ലർ ക്ലിനിക്കിലാണ്. അത്തരം രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനോടൊപ്പം അവയവം മാറ്റിവയ്ക്കൽ നടപടിയിലേക്ക് കടക്കുന്നു. സംസ്ഥാന സർക്കാരിന്റെ അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്ന കെ സോട്ടോ വഴി മരണാനന്തര അവയവ ദാനത്തിലൂടെ ഹൃദയം ലഭ്യമാക്കാനായി രജിസ്റ്റർ ചെയ്യുന്നു. രോഗിയുടെ ഹൃദയത്തിന്റെ വലിപ്പം, മെഡിക്കൽ മാനദണ്ഡങ്ങൾ, ഹൃദയത്തിന്റെ ചേർച്ച എന്നിവ വിലയിരുത്തി അവയവം ലഭ്യമാകുന്ന മുറയ്ക്കാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. വളരെയേറെ വെല്ലുവിളികളുള്ള ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ജനറൽ ആശുപത്രിയിൽ സജ്ജമാകുന്നതോടെ അതൊരു ചരിത്ര നിമിഷമാകും.

പക്ഷാഘാത ചികിത്സയിൽ മുന്നേറ്റവുമായി മലപ്പുറം

# നിലമ്പൂർ ജില്ലാശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ്




മലപ്പുറം: പക്ഷാഘാത ചികിത്സയിൽ മുന്നേറ്റവുമായി മലപ്പുറം ജില്ല. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പക്ഷാഘാത ചികിത്സക്കുള്ള സ്ട്രോക്ക് യൂണിറ്റ് പ്രവർത്തനം തുടങ്ങി. നിലവിൽ ഐസിയു പ്രവർത്തിക്കുന്നിടത്തു തന്നെയാണ് ഇതും പ്രവർത്തിക്കുക. ഇതിനായി രണ്ട് കിടക്കകൾ മാറ്റി വച്ചിട്ടുണ്ട്.

അഞ്ച് കിടക്കകൾ മാത്രമുണ്ടായിരുന്ന ആശുപത്രിയിലെ ശീതീകരിച്ച ഐസിയുവിൽ കിടക്കകളുടെ എണ്ണം ഒമ്പതാക്കിയിട്ടുണ്ട്. എല്ലാ കിടക്കകളും വെന്റിലേറ്റർ സൗകര്യത്തോടുകൂടിയുള്ളതാണ്.

സ്ട്രോക്ക് വന്ന രോഗിയെ നാലുമണിക്കൂറിനകം നിലമ്പൂർ ജില്ലാശുപത്രിയിൽ എത്തിക്കാൻ സാധിച്ചാൽ രോഗിക്ക് മികച്ച ചികിത്സ നൽകുന്നിന് സാധിക്കും .അതുവഴി രോഗിയെ രക്ഷപ്പെടുത്തുന്നതിനുള്ള സാധ്യത കൂടുതലായിരിക്കും. ജില്ലയിൽ പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ മാത്രമായിരുന്നു ഇതുവരെ സ്ട്രോക്ക് യൂണിറ്റ് ഉണ്ടായിരുന്നത്. നിലമ്പൂർ ജില്ലാശുപത്രിയിൽ കൂടി സ്ട്രോക്ക് യൂണിറ്റ് ആരംഭിച്ചതോടെ ജില്ലയിൽ രണ്ട് ഗവൺമെന്റ് ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

**എന്താണ് സ്ട്രോക്ക്?**

മസ്തിഷകത്തിലേക്കുള്ള രക്ത സഞ്ചാരത്തിന് തടസം നേരിടുന്നത് മൂലമാണ് സ്ട്രോക്ക് ഉണ്ടാകുന്നത്. തലച്ചോറിലേക്കുള്ള രക്ത വിതരണത്തിലെ പ്രശ്നങ്ങൾ മൂലമാണ് സ്ട്രോക്കുകൾഉണ്ടാകുന്നത്.ഒന്നുകിൽരക്ത വിതരണം തടസ്സപ്പെടുകയോ അല്ലെങ്കിൽ തലച്ചോറിനുള്ളിലെ രക്തക്കുഴലുകൾ പൊട്ടുകയോ ചെയ്യുമ്പോൾ സ്ട്രോക്ക് സംഭവിക്കുന്നു.

പ്രധാനമായും ജീവിതശൈലി രോഗങ്ങളാണ് സ്ട്രോക്കിന് കാരണമാകുന്നത്. പുകവലി, വ്യായാമമില്ലായ്മ, മാനസിക സമ്മർദ്ദം, ഉയർന്ന രക്ത സമ്മർദ്ദം, പ്രമേഹം, പൊണ്ണത്തടി തുടങ്ങിയവയെല്ലാം സ്ട്രോക്കിന് കാരണമാകുന്നു.

**സ്ട്രോക്ക് ലക്ഷണങ്ങൾ**

1. മുഖത്തോ കൈയിലോ കാലിലോ പെട്ടെന്നുള്ള മരവിപ്പ് അല്ലെങ്കിൽ ബലഹീനത പ്രത്യേകിച്ച് ശരീരത്തിന്റെ ഒരു വശത്ത്.
2. പെട്ടെന്നുള്ള ആശയക്കുഴപ്പം, സംസാരിക്കുന്നതിൽ ബുദ്ധിമുട്ട്, അല്ലെങ്കിൽ സംസാരം മനസ്സിലാക്കാൻ ബുദ്ധിമുട്ട്.
3. ഒരു കണ്ണിലോ രണ്ട് കണ്ണുകളിലോ പെട്ടെന്ന് കാണുന്ന പ്രശ്നങ്ങൾ.
4. പെട്ടെന്നുള്ള തലകറക്കം, ബാലൻസ് അല്ലെങ്കിൽ ഏകോപനം നഷ്ടപ്പെടൽ, അല്ലെങ്കിൽ നടക്കാൻ ബുദ്ധിമുട്ട്.
5. വ്യക്തമായ കാരണമില്ലാതെ പെട്ടെന്നുള്ള കടുത്ത തലവേദന.
6. ഇരട്ട ദർശനം, മയക്കം, ഓക്കാനം അല്ലെങ്കിൽ ഛർദി എന്നിവ ഉണ്ടാകാനിടയുള്ള മറ്റ് അപകട സൂചനകൾ.

മസ്തിഷ്കാഘാതം സംഭവിച്ചയാളെ എത്രയും നേരത്തെ ആശുപത്രിയിൽ എത്തിക്കുന്നുവോ അത്രയും ഫലപ്രദമായ ചികിത്സ നൽകാൻ സാധിക്കുന്നു.

# ജീവന്റെ മധുരം പകർന്ന 'രശ്മി' എന്ന അമ്മ

## മുലപ്പാൽ ദാനം ചെയ്തത് 163 തവണ



> പാൽ കെട്ടിക്കിടന്ന് അത് ഒഴിവാക്കിക്കളയേണ്ട സ്ഥിതിയിലായിരുന്നു ഞാൻ, എന്നാൽ മുലപ്പാൽ കളയേണ്ടതല്ലെന്ന് ഞാൻ മനസ്സിലുറപ്പിച്ചു

കോഴിക്കോട്: അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ ഏറ്റവും മനോഹര ചിത്രമാണിത്. എന്നാലും പ്രസവിച്ച ശേഷം തന്റെ കുഞ്ഞിന് നൽകാൻ ഒരിറ്റ് പാലില്ലാതെ ഉള്ളം നുറുങ്ങുന്ന ഒത്തിരി അമ്മമാരുമുണ്ട് ഈ നാട്ടിൽ. വേണ്ടത്ര പാലില്ലാതെ, ആ കുഞ്ഞിക്കരച്ചിൽ നിസ്സഹായരായി നോക്കിനിൽക്കേണ്ടി വരുന്നവർ.

അത്തരത്തിലൊരു കാഴ്ച വഴിത്തിരിവായി സ്വന്തം മുലപ്പാൽ 163 തവണ ദാനംചെയ്ത ഒരമ്മയുണ്ട് കോഴിക്കോട് ബാലുശ്ശേരിയിൽ. രശ്മി ബിജേഷ്. 2023 ഒക്ടോബർ 17ന് മെഡിക്കൽ കോളേജിൽ പ്രസവം കഴിഞ്ഞ് കുഞ്ഞിന്റെ ഹൃദയസ്പന്ദനം കൂടി ഐ.സി.യുവിലേക്ക് മാറ്റിയപ്പോൾ തളർന്നുപോയിടത്തുനിന്ന് ഒട്ടേറെ കുഞ്ഞുങ്ങൾക്ക് മധുരമേകിയ അമ്മയാകാൻ രശ്മിക്ക് അധികം ദിവസം വേണ്ടിവന്നില്ല.

'വാർഡിലുണ്ടായിരുന്ന എത്ര അമ്മമാരാണെന്നറിയാമോ പാലില്ലാതെ വിഷമിച്ചിരുന്നത്. അമ്മയുടെയും കുഞ്ഞുങ്ങളുടെയും കരച്ചിൽ കേട്ടിരിക്കാനായില്ല, ഞാനും ഒരമ്മയല്ലേ... എന്റെ കുഞ്ഞിന് വയ്യാത്തതുകൊണ്ട് അവൾക്ക് പാലൂട്ടാൻ സാധിക്കില്ലായിരുന്നു. പാൽ കെട്ടിക്കിടന്ന് അത് ഒഴിവാക്കിക്കളയേണ്ട സ്ഥിതിയിലായിരുന്നു ഞാൻ, എന്നാൽ മുലപ്പാൽ കളയേണ്ടതല്ലെന്ന് ഞാൻ മനസ്സിലുറപ്പിച്ചു'. രശ്മി പറയുന്നു.

രശ്മിയുടെ ആഗ്രഹപ്രകാരം മെഡിക്കൽ കോളേജിലെ മുലപ്പാൽ ബാങ്കിലെ (കോംപ്രെഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ) അധികൃതരുമായി സംസാരിച്ച് സെപ്റ്റംബർ മുതൽ ജനുവരി വരെ 163 തവണകളിലായി 14 ലിറ്ററിലധികം മുലപ്പാലാണ് രശ്മി മിൽക്ക് ബാങ്കിലേക്ക് നൽകിയത്. ഭർത്താവ് ബിജേഷിന്റെ പിന്തുണയാണ് രശ്മിയ്ക്ക് കൂടുതൽ പ്രോത്സാഹനമായത്. 'ഞാൻ നൽകിയ പാലൊന്നും ഒരിടത്തും തികയില്ലായെന്ന് എനിക്കറിയാം.. എന്നാലും എന്നെക്കൊണ്ടാകുന്നത് ഞാൻ ചെയ്തല്ലോ... പാല് അധികമായുള്ള അമ്മമാർ ഇവിടെ വരണം, പാല് നൽകണം. അധികമായുള്ള പാൽ ഒരു കുഞ്ഞിന് ഒരുനേരത്തെ ആഹാരമാകുമെങ്കിൽ അത് എല്ലാ അമ്മാരും ചെയ്യണം'. രശ്മിക്ക് പുതിയ അമ്മമാരോട് പറയാനുള്ളതാണിത്.

ഒരു നവജാത ശിശുവിന് ആവശ്യമായ എല്ലാ പോഷകങ്ങളും അടങ്ങിയതാണ് മുലപ്പാൽ. കുഞ്ഞിന്റെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും ബുദ്ധി വികാസത്തിനും ശരീരോഷ്മാവ് നിലനിർത്താനും തൂക്കം വർദ്ധിപ്പിക്കാനും എല്ലാം തന്നെ മുലപ്പാൽ അത്യന്താപേക്ഷിതമാണ്. കൂടാതെ കുഞ്ഞുങ്ങൾക്ക് വരാൻ സാധ്യതയുള്ള ഒട്ടു മിക്ക രോഗങ്ങളെയും ഒരളവ് വരെ പ്രതിരോധിക്കാനുള്ള പ്രാപ്തിയുള്ളതുമാണ് മുലപ്പാൽ. അതുകൊണ്ട് തന്നെ ആദ്യത്തെ 6 മാസക്കാലം കുട്ടിക്ക് മുലപ്പാൽ മാത്രമാണ് നൽകേണ്ടത്. ഈ 6 മാസ കാലയളവിൽ മുലയൂട്ടുന്നതിനൊപ്പം കുഞ്ഞിന് മറ്റൊന്നും നൽകേതില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ അമ്മയുടെ രോഗാവസ്ഥ കാരണമോ, മുലപ്പാൽ ഉല്പാദനക്കുറവ് കൊണ്ടോ, പ്രസവാനന്തരം അമ്മയുടെ മരണം സംഭവിക്കുകയോ ചെയ്യുന്ന സാഹചര്യത്തിലോ മുലപ്പാലിന് പകരമായി കൃത്രിമ പാലോ മറ്റു ശിശു ഭക്ഷണ പദാർത്ഥങ്ങളോ കൊടുക്കേണ്ടതായി വരുന്നു. എന്നാൽ ഇത് കുഞ്ഞിന് അണുബാധ, അലർജി, വയറിളക്കം തുടങ്ങിയവ വരുത്താനുള്ള സാധ്യത കൂടുതലാണ്. ഇത്തരം സന്ദർഭങ്ങളിൽ ആണ് മുലപ്പാൽ ബാങ്കിന്റെ ആവശ്യകത അനിവാര്യമാകുന്നത്. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന മാസം തികയാതെ പ്രസവിച്ച തൂക്കക്കുറവുള്ള കുഞ്ഞുങ്ങൾക്കാണ് മുലപ്പാൽ ബാങ്കിന്റെ ആവശ്യകത ഏറ്റവും കൂടുതൽ.

മാസം തികയാതെ ജനിച്ച, തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഭൂരിഭാഗം കുഞ്ഞുങ്ങൾക്കും മുലപ്പാൽ ബാങ്ക് ആശ്രയമാകുകയും ജീവിതത്തിലേക്ക് തിരിച്ചു വരാൻ സാധിക്കുകയും ചെയ്യുന്നു. മുലപ്പാൽ ദാനത്തിന്റെ ആവശ്യകത മനസ്സിലാക്കി ദിനംപ്രതി അമ്മമാർ മുന്നോട്ടു വന്നതിനാലാണ് ഇത്തരത്തിൽ വിജയകരമായി മുന്നോട്ടുപോകാനായി സാധിച്ചത്. അതുകൊണ്ടു തന്നെ MBFHI, MUSQA-AN, LAQSHYA എന്നീ അക്രഡിറ്റേഷനുകളിൽ മുലപ്പാൽ ബാങ്കിന്റെ പങ്ക് മികച്ചതായിരുന്നു.

> അധികമായുള്ള പാൽ ഒരു കുഞ്ഞിന് ഒരു നേരത്തെ ആഹാരമാകുമെങ്കിൽ അത് എല്ലാ അമ്മമാരും ചെയ്യണം





# അന്താരാഷ്ട്ര കോൺക്ലേവ്

തിരുവനന്തപുരം: പ്രമേഹം ബാധിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹ്രസ്വകാലവും ദീർഘകാലവും അടിസ്ഥാനമാക്കിയാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്. പ്രമേഹ രോഗ ചികിത്സയിൽ റോഡ്മാപ്പ് തയ്യാറാക്കാൻ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കും. സംസ്ഥാന തലത്തിൽ പ്രീ കോൺക്ലേവ് സംഘടിപ്പിച്ച് അത്കൂടി ഉൾക്കൊണ്ടാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുക. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും, ചികിത്സാ വിധികളും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി ജനപങ്കാളിത്തത്തോടെയാണ് കോൺക്ലേവ് നടത്തുക. കോൺക്ലേവിന് ശേഷം തയ്യാറാക്കുന്ന പ്രമേഹരോഗ ചികിത്സയുടെ റോഡ്മാപ്പിന് അനുസൃതമായിട്ടായിരിക്കും ആരോഗ്യ വകുപ്പിലെ ചികിത്സ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

30 വയസിന് മുകളിൽ പ്രായമായവരിലെ ജീവിതശൈലീ രോഗങ്ങൾ കത്തെി ചികിത്സ ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ആർദ്രം ആരോഗ്യം വാർഷികാരോഗ്യ പരിശോധന ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടം നടത്തി വരുന്നു. രണ്ടാം ഘട്ട സർവേ പ്രകാരം 14 ശതമാനത്തോളം ആളുകൾക്ക് നിലവിൽ പ്രമേഹം ഉള്ളതായാണ് കണ്ടെത്തിയത്. കൂടാതെ പ്രമേഹ രോഗ സാധ്യതയുള്ളവരുടെ എണ്ണവും കൂടുതലാണ്. ഇതുൾപ്പെടെയുള്ള പഠനങ്ങൾ വിലയിരുത്തിയാണ് ആരോഗ്യ വകുപ്പ് നിർണായകമായ ഇടപെടലിന് ശ്രമിക്കുന്നത്.

ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിനെ ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്താൻ മന്ത്രി നിർദേശം നൽകി. പ്രമേഹം നേരത്തെ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ സങ്കീർണ പ്രശ്നങ്ങളിലേക്ക് പോകും. അതിനാൽ അവബോധം വളരെ പ്രധാനമാണ്. പ്രീ ഡയബറ്റിക് സ്റ്റേജിലുള്ളവരെ മുന്നിൽ കണ്ട് പ്രവർത്തനങ്ങൾ നടത്തണം. ആഹാര നിയന്ത്രണത്തിനും വ്യായാമത്തിനും വളരെ പ്രാധാന്യമുണ്ട്. കുഞ്ഞിന്റെ ആദ്യത്തെ ആയിരം ദിനങ്ങളിലും അമ്മയ്ക്കും കുഞ്ഞിനും കരുതലൊരുക്കണം. പ്രമേഹ രോഗത്തിന് പുറമേ പ്രമേഹ രോഗികൾക്കുണ്ടാകുന്ന വൃക്ക രോഗങ്ങൾ, ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫൂട്ട്, പെരിഫെറൽ ന്യൂറോപ്പതി തുടങ്ങിയ സങ്കീർണതകൾ കൂടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ഉറപ്പാക്കും.

ബാല്യകാലം മുതൽ ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാനാകണം. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനും രോഗ നിയന്ത്രണത്തിനുമായി ആരോഗ്യ വകുപ്പ് ഹെൽത്തി ലൈഫ് ക്യാമ്പയിൻ ആരംഭിക്കുന്നതാണ്. ആരോഗ്യമുള്ള സമൂഹത്തേയും ആരോഗ്യമുള്ള കുട്ടികളേയും ലക്ഷ്യമാക്കിയുള്ള സ്കൂൾ ആരോഗ്യ പദ്ധതിയും ഉടൻ തന്നെ നടപ്പിലാക്കും. ഇത് കൂടാതെയാണ് പ്രമേഹ രോഗ പ്രതിരോധത്തിന് മാത്രമായി ആരോഗ്യ വകുപ്പ് തയ്യാറെടുക്കുന്നത്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് ഡയറക്ടർ, എൻ.എച്ച്.എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എന്നിവർ പങ്കെടുത്തു.

# ഐനോ ചികിത്സയിലൂടെ കുഞ്ഞിന് പുനർജന്മം

തൃശൂർ: കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരുന്ന ഗർഭിണിയുടെ ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞിന് ഹൃദയമിടിപ്പിന് വ്യതിയാനം കണ്ടെത്തിയതിനാൽ കുഞ്ഞിനെ ജനന തിയ്യതിക്കു മുന്നേ തന്നെ ഓപ്പറേഷനിലൂടെ പുറത്തേടുത്തു. എന്നാൽ കുഞ്ഞിന് ശ്വാസതടസ്സം അനുഭവപ്പെട്ടതിനാൽ ഐ.സി.യു.വിൽപ്രവേശിപ്പിക്കുകയും പിന്നീട് സ്ഥിതി സങ്കീർണമായതിനാൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്തിക്കുകയുമായിരുന്നു. രണ്ട് ശ്വാസകോശങ്ങളിലും ട്യൂബ് ഇടേണ്ടി വന്ന



കുഞ്ഞിന് തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ തീവ്ര പരിചരണ വിഭാഗത്തിൽ ആധുനിക എച്ച്.എഫ്.ഒ.വി. വെന്റിലേറ്റർ സൗകര്യവും ലക്ഷങ്ങൾ ചിലവ് വരുന്ന ഐനോ (ഇൻഹെയിൽഡ് നൈട്രിക് ഓക്സൈഡ്) ചികിത്സയും ലഭ്യമാക്കി. എസ്.എൻ.സി.യു നോഡൽ ഓഫീസറായ ഡോ.ഫെബി ഫ്രാൻസിസിന്റെ നേതൃത്വത്തിൽ ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരും അടങ്ങിയ വിദഗ്ധ സംഘമാണ് ഒരാഴ്ച്ചയിലേറെ നീണ്ട തീവ്ര പരിചരണത്തിലൂടെ കുഞ്ഞിനെ ജീവിതത്തിലേക്ക് കൈപ്പിടിച്ച് ഉയർത്തിയത്. സർക്കാർ സംവിധാനങ്ങളിൽ ചിലവേറിയ ആധുനിക ചികിത്സാ രീതികൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.



ചരിത്ര നേട്ടം

# തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗം സെന്റർ ഓഫ് എക്സലൻസ്

### രാജ്യത്തെ 5 പ്രധാന ആശുപത്രികളുടെ പട്ടികയിൽ മെഡിക്കൽ കോളേജും




തിരുവനന്തപുരം: തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി തിരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് – ഐ.സി.എം.ആർ തിരഞ്ഞടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും രണ്ടു കോടി രൂപ മെഡിക്കൽ കോളേജിന് ലഭിക്കും. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് ഈ സ്ഥാനത്ത് എത്തുന്നത് ചരിത്രത്തിൽ ആദ്യമായാണ്. മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ ഉയർത്തിയിരുന്നു. ഇതോടെ മെഡിക്കൽ കോളേജും എസ്.എ.ടി. ആശുപത്രിയും സെന്റർ ഓഫ് എക്സലൻസായി മാറുകയാണ്.

രാജ്യത്തെ 5 പ്രധാന ആശുപത്രികൾക്കൊപ്പം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമ്പോൾ വളരെ സന്തോഷമുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ സർക്കാരിന്റെ തുടക്കകാലത്ത് 2021ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുന്നറിയിപ്പില്ലാതെ മന്ത്രി നടത്തിയ സന്ദർശനമാണ് എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളിലേക്ക് തുടക്കം കുറിച്ചത്.

പഴയ അത്യാഹിത വിഭാഗം സ്ഥലപരിമിതിയോടെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഞെങ്ങി ഞെരുങ്ങിയാണ് പ്രവർത്തിച്ചു വന്നിരുന്നത്.

പുതിയ കെട്ടിടത്തിൽ നൂതന എമർജൻസി മെഡിസിൻ സംവിധാനങ്ങളൊരുക്കിയാണ് പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചത്. ശാസ്ത്രീയമായ ട്രയാജ് സംവിധാനം ആദ്യമായി നടപ്പിലാക്കി. ചെസ്റ്റ് പെയിൻ ക്ലിനിക്, സ്ട്രോക്ക് ഹോട്ട്ലൈൻ, അത്യാധുനിക പരിശോധനാ സംവിധാനങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ ഉറപ്പാക്കി. സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. മെഡിക്കൽ കോളേജിലെ എല്ലാ തലത്തിലും സൂക്ഷ്മമായ ഇടപെടൽ വേണമെന്ന് കണ്ടതുകൊണ്ട് പുതിയ ഡിപ്പാർട്ട്മെന്റുകൾ, പുതിയ സംവിധാനങ്ങൾ, ഫെലോഷിപ്പ് പ്രോഗ്രാം എന്നിവ ആരംഭിച്ചു. എയിംസ്, ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ അത്യാഹിത വിഭാഗം സന്ദർശിച്ച് അഭിനന്ദിച്ചു. എമർജൻസി മെഡിസിനിൽ മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു. 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക്, സ്പെക്റ്റ് സ്കാൻ എന്നിവ സ്ഥാപിച്ചു. പെറ്റ് സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഈ കാലയളവിൽ ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ മെഡിക്കൽ കോളേജ് ഉൾപ്പെട്ടു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. 85ൽ അധികം തവണയാണ് മന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജ് സന്ദർശിച്ച് ചർച്ച നടത്തിയത്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി കിഫ്ബി വഴി 717 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. ആദ്യഘട്ടത്തിലെ റോഡും പാലവും നിർമ്മാണം പൂർത്തിയാക്കി 194.32 കോടി അനുവദിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കി. മെഡിക്കൽ കോളേജിൽ റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി ആരംഭിച്ചു. ലിനാക്, ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ബേൺസ് ഐസിയു എന്നിവ സ്ഥാപിച്ചു. രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ ഇന്റർവെൻഷൻ ആരംഭിച്ചു. 23 കോടിയുടെ ലേഡീസ് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കി. അടുത്തിടെ മെഡിക്കൽ കോളേജിനായി 25 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കാനുള്ള ജീവനക്കാരെ നിയമിച്ച് നടപടികൾ പുരോഗമിക്കുന്നു.



വൈത്തിരി താലൂക്ക് ആശുപത്രിയിൽ

# സമ്പൂർണ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയം

### ടീം അംഗങ്ങളെ അഭിനന്ദിച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്



വയനാട്: വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സമ്പൂർണ ഇടുപ്പ് സന്ധി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. പൊഴുതന സ്വദേശിനിയായ 71 വയസുകാരിയ്ക്കാണ് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചിലവ് വരുന്ന ശസ്ത്രക്രിയ സർക്കാരിന്റെ ആരോഗ്യ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി പൂർണമായും സൗജന്യമായാണ് പൂർത്തീകരിച്ചത്. ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തന സജ്ജമാക്കിയ കെട്ടിട സമുച്ചയത്തിലെ ഓപ്പറേഷൻ തീയറ്ററിലാണ് ശസ്ത്രക്രിയ നടത്തിയത് എന്ന പ്രത്യേകതയുമുണ്ട്. രണ്ട് മാസം കൊണ്ട് 22 മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളാണ് ഇവിടെ നടത്തിയത്.

വിജയകരമായ ശസ്ത്രക്രിയ നടത്തിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഇടുപ്പുവേദനയെ തുടർന്നാണ് വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 71 കാരിയായ തങ്കം ചികിത്സ തേടിയത്. ഇടുപ്പ് വേദന കാരണം നടക്കുവാനോ ദൈനംദിന കാര്യങ്ങൾ നിർവഹിക്കുവാനോ സാധിക്കാത്ത അവസ്ഥയിലാണ് അവർ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. പരിശോധനയിൽ ഇടുപ്പ് സന്ധി പൂർണമായും തേയ്മാനം ബാധിച്ച് നശിച്ചതായി കണ്ടെത്തി.

വയനാട് ജില്ലയിലെ രണ്ടാമത്തെ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് വൈത്തിരി താലൂക്ക് ആശുപത്രിയിൽ നടത്തിയത്. കഴിഞ്ഞ വർഷം മാനന്തവാടി മെഡിക്കൽ കോളേജിൽ സിക്കിൾ സെൽ രോഗിക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയിരുന്നു. ജില്ലയിലെ താലൂക്ക് ആശുപത്രിയിലെ ആദ്യത്തെ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണിത്.

ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോക്ടർമാരായ ഡോ. രാജഗോപാലൻ, ഡോ. നിഖിൽ നാരായണൻ, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ ഡോ. സക്കീർ ഹുസൈൻ, ഡോ. സ്വാതി സുതൻ എന്നിവർ ശസ്ത്രക്രിയക്ക് നേതൃത്വം നൽകി. ഡോ. ജെയിൻ, ഹെഡ് നഴ്സ് റെജി മോൾ, നഴ്സിംഗ് ഓഫീസർമാരായ മിനു ദേവസ്യ, അശ്വതി ചന്ദ്രൻ, അനസ്തേഷ്യ ടെക്നീഷ്യൻ അഭിജിത്ത്, നഴ്സിംഗ് അസിസ്റ്റന്റ്മാരായ റസിയ, ഷിജി എന്നിവരടങ്ങുന്ന സംഘമാണ് ഇടുപ്പ് മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചത്. ആശുപത്രി സൂപ്രണ്ട് ഡോ. ഷിജിൻ ജോൺ ആളൂർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

# 4 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

### ആകെ 193 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.


നർക്കിലക്കാട് കുടുംബാരോഗ്യ കേന്ദ്രം

തിരുവനന്തപുരം: സംസ്ഥാനത്തെ 4 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 3 ആശുപത്രികൾക്ക് പുതുതായി അംഗീകാരവും ഒരു ആശുപത്രിയ്ക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. പാലക്കാട് ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രം 90.60% സ്കോറും, പാലക്കാട് ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രം 90.15% സ്കോറും, വയനാട് വെള്ളമുണ്ട കുടുംബാരോഗ്യ കേന്ദ്രം 89.70% സ്കോറും നേടിയാണ് പുതുതായി അംഗീകാരം നേടിയത്. കാസർഗോഡ് നർക്കിലക്കാട് കുടുംബാരോഗ്യ കേന്ദ്രം 95.18% സ്കോർ നേടിയാണ് വീണ്ടും അംഗീകാരം നേടിയെടുത്തത്.

ഇതോടെ സംസ്ഥാനത്തെ ആശുപത്രികളിൽ 193 എൻ.ക്യു.എ.എസ്. അംഗീകാരവും 83 പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 132 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

## ആനയുടേയും കാട്ടുപോത്തിന്റേയും ഇടയിൽ

# അമ്മയുടേയും കുഞ്ഞിന്റേയും ജീവനും കാത്ത് 2 മണിക്കൂർ

### ക്രിസ്തുമസ് രാത്രിയിൽ മാതൃകയായി ആരോഗ്യ പ്രവർത്തകർ



**യാത്രാമദ്ധ്യേ ഒരു ആന ജീപ്പ് തടഞ്ഞു. പുറകോട്ട് വാഹനം എടുക്കാനായി നോക്കിയപ്പോൾ വഴിയിൽ കാട്ടു പോത്തും തടസം സൃഷ്ടിച്ചു**

പാലക്കാട്: ക്രിസ്തുമസ് രാത്രിയിൽ മാതൃകയായി പാലക്കാട് കൈകാട്ടി നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ. ആശുപത്രിയിലേയ്ക്കുള്ള യാത്രാമധ്യേ പ്രസവിച്ച പാലക്കാട് സീതാർകുണ്ട് താമസിക്കുന്ന അതിഥി തൊഴിലാളിയായ സുജയ് സർദാറിന്റെ ഭാര്യ സാമ്പയേയും (20) നവജാതശിശുവിനേയും ദുർഘടമായ വനപാതയിൽ എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്ത് രക്ഷപ്പെടുത്തി. പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു. മാതൃകാപരമായ പ്രവർത്തനം നടത്തി അമ്മയേയും കുഞ്ഞിനേയും രക്ഷിച്ച മുഴുവൻ ആരോഗ്യ പ്രവർത്തകരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കഴിഞ്ഞ ദിവസം സാമ്പയ്ക്ക് പ്രസവവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ഭർത്താവ് നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായ സുദിനയെ വിവരം അറിയിച്ചു. നെല്ലിയാമ്പതി ആരോഗ്യ കേന്ദ്രത്തിൽ ഉടൻ എത്തിച്ചേരാൻ അവരോട് നിർദേശിക്കുകയും മെഡിക്കൽ ഓഫീസറും ഗൈനക്കോളജിസ്റ്റുമായ ഡോ. ലക്ഷ്മിയുടെ നിർദേശ പ്രകാരം സുദിനയും നഴ്സിംഗ് അസിസ്റ്റന്റ് ജാനകിയും ആശുപത്രിയിൽ പ്രസവം എടുക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. അതിനിടെ സാമ്പയും സർദാറും ജീപ്പിൽ ആശുപത്രിയിലേക്ക് പുറപ്പെട്ടു. അവരോടൊപ്പം ഫാർമസിസ്റ്റ് മിദിലാജും അനുഗമിച്ചു. എന്നാൽ ദുർഘടം പിടിച്ച യാത്രയിൽ ആശുപത്രിയിൽ എത്തും മുന്നേ യുവതി കുഞ്ഞിന് ജന്മം നൽകി.

വളരെ പെട്ടെന്ന് സുരക്ഷിതരായി നെല്ലിയാമ്പതി ആരോഗ്യ കേന്ദ്രത്തിൽ അവരെ എത്തിച്ചു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് സുദിനയും നഴ്സിംഗ് അസിസ്റ്റന്റ് ജാനകിയും പരിചരണത്തിനായി സജ്ജരായി നിന്നു. പ്രാഥമിക പരിശോധനയിൽ യുവതിയുടെ ആരോഗ്യനില മോശമാണെന്നും ജീപ്പിൽ നിന്ന് മാറ്റാൻ കഴിയാത്ത സാഹചര്യമാണെന്നും മനസിലാക്കി. ഡോക്ടറുടെ നിർദേശ പ്രകാരം ജീപ്പിൽ വച്ച് തന്നെ പൊക്കിൾക്കൊടി മുറിക്കുകയും മറ്റ് പരിചരണങ്ങൾ നൽകുകയും ചെയ്തു.

തുടർന്ന് അമ്മയെയും കുഞ്ഞിനെയും നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് എത്തിക്കാനായി കൈകാട്ടിയിൽ നിന്നും സുദിനയും ജാനകിയും അവരോടൊപ്പം അനുഗമിച്ചു. കൈകാട്ടി ആശുപത്രിയിൽ നിന്ന് പുറപ്പെട്ട് കുറച്ച് കഴിഞ്ഞപ്പോൾ യാത്രാമദ്ധ്യേ ഒരു ആന ജീപ്പ് തടഞ്ഞു. പുറകോട്ട് വാഹനം എടുക്കാനായി നോക്കിയപ്പോൾ വഴിയിൽ കാട്ടു പോത്തും തടസം സൃഷ്ടിച്ചു. അവിടെ നിന്നും മുന്നോട്ട് പോകുവാൻ ഫോറസ്റ്റ് ഡെപ്യൂട്ടി റെയ്ഞ്ചറുടെ സഹായം തേടി. ഏകദേശം 2 മണിക്കൂർ വന്യമൃഗങ്ങൾക്കിടയിൽ അവർ കാട്ടിൽ കുടുങ്ങി. ഈ സമയമത്രയും അമിത രക്തസ്രാവം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളും ശുശ്രൂഷയും ഉൾപ്പെടെയുള്ളവ ഡോക്ടറുടെ നിർദേശ പ്രകാരം നൽകിക്കൊണ്ടിരുന്നു. മുലയൂട്ടൽ തുടരാനും ഡോക്ടർ സുദിനയോട് നിർദ്ദേശിച്ചു. ഇത് അമ്മയ്ക്ക് പ്രസവാനന്തരം ആവശ്യമായ ഓക്സിടോസിൻ ഹോർമോൺ പുറപ്പെടുവിക്കുന്നതിനും രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കുറയുന്ന ഹൈപ്പോഗ്ലൈസീമിയ അവസ്ഥയിൽ നിന്നും കുഞ്ഞിനെ രക്ഷിക്കുന്നതിനും സഹായിച്ചു.

ഫോറസ്റ്റ് റേഞ്ചറുടെ സഹായത്തോടെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിച്ച് അമ്മയെയും കുഞ്ഞിനെയും നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റാൻ സാധിച്ചു. അവിടെ ഡോ. ലക്ഷ്മിയും ആശുപത്രിയിലെ സംഘവും അമ്മയ്ക്കും കുഞ്ഞിനും വേണ്ട മറ്റ് പരിചരണങ്ങൾ ഉറപ്പുവരുത്തി. അതിനുശേഷം വിദഗ്ദ പരിചരണത്തിനായി ഇരുവരേയും പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് മാറ്റി. അമ്മയും കുഞ്ഞും അവിടെ സുഖമായിരിക്കുന്നു.



## ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ച് തൃശൂർ മെഡിക്കൽ കോളേജ്

### എഴുപത്തിനാല് വയസുകാരിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു



ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ച് എഴുപത്തിനാല് വയസുകാരിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ച തൃശൂർ മെഡിക്കൽ കോളേജ് ടീം


**മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു**

തൃശൂർ: ഹൃദയം തുറക്കാതെ അതിനൂതന സംവിധാനത്തിലൂടെ ഹൃദയ വാൽവ് മാറ്റിവച്ച് തൃശൂർ സർക്കാർ മെഡിക്കൽ കോളേജ്. അക്കിക്കാവ് സ്വദേശിനിയായ എഴുപത്തിനാല് വയസുള്ള വീട്ടമ്മയ്ക്കാണ് വാൽവ് മാറ്റിവച്ചത്. ശസ്ത്രക്രിയയുടെ പ്രയാസങ്ങൾ ഇല്ലാതെ വാൽവ് മാറ്റിവയ്ക്കുക എന്നത് രോഗികൾക്ക് വളരെയേറെ ഗുണപ്രദമാണ്. കേരളത്തിലെ ചുരുക്കം ചില ആശുപത്രികളിൽ മാത്രം ചെയ്യാറുള്ള ഈ ചികിത്സ തൃശൂർ മെഡിക്കൽ കോളേജിൽ ആദ്യമായിട്ടാണ് നടത്തിയത്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ ചികിത്സ ലഭ്യമാണ്. വിജയകരമായ നൂതന ചികിത്സയിലൂടെ രോഗിയുടെ ജീവൻ രക്ഷിച്ച മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

നടക്കുമ്പോൾ കിതപ്പ്, ശ്വാസം മുട്ടൽ, നെഞ്ചുവേദന, ഇടയ്ക്കിടെയുള്ള ബോധക്ഷയം എന്നീ രോഗലക്ഷണങ്ങളോട് കൂടിയാണ് 74 വയസുകാരി മെഡിക്കൽ കോളേജ് കാർഡിയോളജി ഒപിയിൽ വന്നത്. തുടർന്ന് നടത്തിയ പരിശോധനകളിൽ ഇവരുടെ ഹൃദയത്തിന്റെ അകത്തുള്ള അയോർട്ടിക് വാൽവ് വളരെ അധികം ചുരുങ്ങിയതായി കണ്ടെത്തി. ഹൃദയം ശരീരത്തിലേക്ക് ആവശ്യമുള്ള രക്തം പമ്പ് ചെയ്യുമ്പോൾ അയോർട്ടിക് വാൽവിലൂടെ വേണം കടന്നുപോവാൻ. അതിനാൽ ആ വാൽവ് ചുരുങ്ങിയാൽ ഹൃദയത്തിന് ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും വേണ്ട വിധം രക്തം പമ്പ് ചെയ്ത് എത്തിക്കാനാവില്ല. നെഞ്ചും ഹൃദയവും തുറന്ന് ചുരുങ്ങിയ വാൽവ് മുറിച്ചു മാറ്റി കൃത്രിമ വാൽവ് ഘടിപ്പിക്കുന്ന ശസ്ത്രക്രിയയാണ് ഇതിനുള്ള പ്രധാന ചികിത്സ. ഈ രോഗിക്കും ഇപ്രകാരമുള്ള ചികിത്സ നിർദേശിച്ചെങ്കിലും പ്രായാധിക്യം, ശാരീരികാവശത എന്നിവ മൂലം അവർക്ക് അതിന് സാധിക്കുമായിരുന്നില്ല. അതിനാൽ സർജറി അല്ലാത്ത ടി.എ.വിആർ (TRANSCATHETER AORTIC VALVE REPLACEMENT) എന്ന ചികിത്സ രോഗിയും ബന്ധുക്കളുമായി ചർച്ച ചെയ്ത് നിശ്ചയിച്ചു.

നെഞ്ചോ, ഹൃദയമോ തുറക്കാതെ കാലിലെ രക്തകുഴലിലൂടെ കത്തീറ്റർ എന്ന ഒരു ട്യൂബ് കടത്തി, ഒരു ബലൂൺ ഉപയാഗിച്ച് ചുരുങ്ങിയ വാൽവ് വികസിപ്പിക്കുകയും തുടർന്ന് മറ്റൊരു കത്തീറ്റർ ട്യൂബിലൂടെ കൃത്രിമ വാൽവ് ഹൃദയത്തിലേക്ക് എത്തിച്ച് അവിടെ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ടി.എ.വി.ആർ ചികിത്സ. ചികിത്സാ സമയത് രോഗിയുടെ ജീവൻ തന്നെ അപകടത്തിലാകാവുന്ന തരത്തിൽ രക്തധമനി പൊട്ടാനോ, ഹൃദയമിടിപ്പ് നിലച്ചു പോകാനോ, ഹൃദയത്തിലേക്കുള്ള രക്തധമനി അടഞ്ഞു പോകാനോ, കൃത്രിമ വാൽവ് ഇളകിപ്പോകാനോ സാധ്യതയുണ്ട്. അതിനാൽ ചികിത്സാ വേളയിൽ വളരെയധികം ശ്രദ്ധ ആവശ്യമാണ്.

ഈ രോഗിയുടെ അയോർട്ടിക് വാൽവ് ജന്മനാ വൈകല്യമുള്ളതും, കാൽസ്യം അടിഞ്ഞുകൂടി കട്ടിയുള്ളതുമായതിനാൽ ചികിത്സ കൂടുതൽ സങ്കീർണമായിരുന്നു. അപകടസാധ്യതകൾ ഒഴിവാക്കാനുള്ള എല്ലാ മുൻകരുതലുകളും എടുത്ത ശേഷം കാർഡിയോളജി വിഭാഗം മേധാവി ഡോ. കരുണദാസ്, കാർഡിയോളജിയിലെ ഡോക്ടർമാരായ ആന്റണി പാത്താടൻ, ബിജിലേഷ്, ഹരികൃഷ്ണ, നിതിൻ, എന്നിവരും അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ അമ്മിണികുട്ടി, അരുൺ വർഗീസ്, ആതിര, ശ്രീലക്ഷ്മി എന്നിവരും ചേർന്ന് ഈ ചികിത്സ മൂന്നു മണിക്കൂറോളം നേരമെടുത്ത് വിജയകരമായി പൂർത്തിയാക്കി. ഡോ. ഷഫീക്ക് മട്ടുമ്മലും ചികിത്സയെ സഹായിച്ചു. കാത്ത് ലാബ് ടെക്നീഷ്യന്മാരായ അൻസിയ, അമൃത, നഴ്സുമാരായ ബീന പൗലോസ്, രജനി, മീത്തു എന്നിവരും ഇതിൽ പങ്കെടുത്തു. വേണ്ടി വന്നാൽ ഉടനടി ശസ്ത്രക്രിയ ചെയ്യാൻ ഹൃദയ ശസ്ത്രക്രിയ വിഭാഗത്തിലെ ഡോ. അഷ്റഫ് തയ്യാറായി കൂടെ നിന്നു. ചികിത്സയ്ക്ക് ശേഷം നടത്തിയ പരിശോധനകളിൽ വാൽവ് വളരെ നന്നായി പ്രവർത്തിക്കുന്നതായി കണ്ടെത്തി. രോഗി സുഖം പ്രാപിച്ചു വരുന്നു.



## പാലിയേറ്റീവ് പരിചരണത്തിൽ

# നാഴികക്കല്ലായി ട്രീറ്റ്മെന്റ് സപ്പോർട്ടിങ് യൂണിറ്റുകൾ



കൊല്ലം: പാലിയേറ്റിവ് രോഗികളുടെയും കുടുംബാംഗങ്ങളുടെയും മാനസികവും സാമൂഹികവുമായ സംരക്ഷണം ഉറപ്പാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ജില്ലയിൽ ട്രീറ്റ്മെന്റ് സപ്പോർട്ടിങ് യൂണിറ്റുകൾ ആരംഭിച്ചു. ജില്ലയിലെ 11 ഹെൽത്ത് ബ്ലോക്കുകളിൽ 5 ഇടങ്ങളിലാണ് ട്രീറ്റ്മെന്റ് സപ്പോർട്ടിങ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ടം എന്ന നിലയിൽ ചവറ, ഓച്ചിറ, ചടയമംഗലം, ശാസ്താംകോട്ട, വെട്ടികവല എന്നിവിടങ്ങളിലാണ് നിലവിൽ ട്രീറ്റ്മെന്റ് സപ്പോർട്ടിങ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. മറ്റു ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസ്, ദേശീയ ആരോഗ്യ ദൗത്യം എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്.


പാലിയേറ്റിവ് രോഗികളുടെ പരിചാരകർക്കുള്ള പിന്തുണ, സാമൂഹിക സുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണം, ആശുപത്രികളിലേക്കും തിരികെയുമുള്ള സ്ഥിരമായ യാത്ര സൗകര്യം, മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയവയാണ് പ്രധാനമായും പദ്ധതി വഴി ഉറപ്പാക്കുന്നത്. വയോജനങ്ങൾ, ദീർഘകാലമായി അസുഖബാധിതരായിട്ടുള്ളവർ എന്നിവർക്കായി നിലവിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും സാന്ത്വന പരിചരണ യൂണിറ്റുകളുണ്ട്. കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ശാരീരിക വിഷമതകൾ പരിഹരിക്കുന്നതിനോളം പ്രാധാന്യം രോഗിയുടെയും പരിചാരകരുടെയും മാനസിക മാനസികവും, സാമൂഹികവുമായ വിഷമതകൾ പരിഹരിക്കുന്നതിലും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. പാലിയേറ്റിവ് വിഭാഗവുമായി ഒത്തുചേർന്നു പ്രവർത്തിക്കുന്ന സാമൂഹിക–സന്നദ്ധ സംഘടനകൾ, മത–സാമുദായിക സംഘടനകൾ, വിദേശ മലയാളികൾ, ഓട്ടോറിക്ഷ – ടാക്സി തൊഴിലാളികൾ യൂണിയനുകൾ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബുകൾ എന്നിവയുടെ സഹായത്തോടെ സ്ഥിരം സംവിധാനം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുകയാണ് ട്രീറ്റ്മെന്റ് സപ്പോർട്ടിങ് യൂണിറ്റുകളിലൂടെ.

### സ്കൂൾ ആരോഗ്യ പരിശോധനയിലൂടെ

# 14 കാരിയ്ക്ക് പുതുജീവിതം

### കുട്ടിയുമായി സന്തോഷം പങ്കുവച്ച് മന്ത്രി വീണാ ജോർജ്





കോട്ടയം: സാക്രൽ എജെനെസിസ് (Sacral Agenesis) കാരണം അറിയാതെ മലവും മൂത്രവും പോകുന്നതു മൂലം ഏറെ ബുദ്ധിമുട്ടിയിരുന്ന 14 വയസുകാരിയ്ക്ക് ഇപ്പോൾ ആ ബുദ്ധിമുട്ടുകളില്ലാതെ ധൈര്യമായി സ്കൂളിൽ പോകാം. ആരോഗ്യ വകുപ്പിന്റെ കൃത്യമായ ഇടപെടലിലൂടെ ആ പെൺകുട്ടി സാധാരണ ജീവിതത്തിലേക്കും സ്കൂളിലേക്കും എത്തിയിരിക്കുകയാണ്. ഫീൽഡുതല സന്ദർശനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെ ഉന്നതതല സംഘം വീട്ടിനടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെത്തി കുട്ടിയെ നേരിൽ കണ്ട് സംസാരിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ കോൾ വഴി കുട്ടിയുമായും ടീം അംഗങ്ങളുമായും സംസാരിച്ചു. കുട്ടിയെ സാധാരണ ജീവിതത്തിലേക്ക് എത്തിച്ച മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി അഭിനന്ദിച്ചു.

സ്കൂൾ ആരോഗ്യ പരിശോധനയ്ക്കായി എത്തിയ ആരോഗ്യ കേരളം നഴ്സ് ലീനാ തോമസിന്റെ ഇടപെടലാണ് കുട്ടിയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കുട്ടിയുടെ ക്ലബ് ഫൂട്ടിനെ കുറിച്ചും ചികിത്സയെക്കുറിച്ചും സംസാരിച്ച് പിരിയുമ്പോൾ പെട്ടെന്നാണ് കുട്ടി ഡയപ്പർ ധരിച്ചിരിക്കുന്നത് ശ്രദ്ധിച്ചത്. കൂടുതൽ അന്വേഷിച്ചപ്പോഴാണ് തന്റെ ജന്മനായുള്ള അസുഖത്തെ കുറിച്ച് നഴ്സിനോട് പറയുന്നത്. അറിയാതെ മലവും മൂത്രവും പോകുന്നതുമൂലം ദിവസവും 5 മുതൽ 6 വരെ ഡയപ്പർ ധരിച്ചാണ് ഓരോ ദിവസവും തള്ളിനീക്കിയിരുന്നത്. ഇതുമൂലം വലിയ ബുദ്ധിമുട്ടായിരുന്നു.

നട്ടെല്ലിന്റെ താഴ് ഭാഗത്തെ എല്ല് പൂർണമായി വളരാത്തതുമൂലം ആ ഭാഗത്തെ നാഡികൾ വളർച്ച പ്രാപിക്കാതെ അവ തൊലിയോട് ഒട്ടിച്ചേർന്നിരിക്കുന്ന ഒരു അപൂർവ്വ അവസ്ഥയാണ് ഈ രോഗം. അഞ്ച് വയസുള്ളപ്പോൾ മാതാപിതാക്കൾ കോട്ടയത്തെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ കാണിച്ചിരുന്നെങ്കിലും ശസ്ത്രക്രിയ സങ്കീർണമായതിനാൽ ജന്മനായുള്ള ഈ അസുഖത്തിന് പരിഹാരമില്ലെന്ന് കണ്ട് ചികിത്സ ഉപേക്ഷിക്കുകയായിരുന്നു.

പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ നഴ്സ് ലീനാ തോമസ് ജില്ലാ ആർ.ബി.എസ്.കെ. കോ-ഓർഡിനേറ്റർക്ക് സ്ക്രീനിംഗ് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കുകയായിരുന്നു. സ്വകാര്യ ആശുപത്രികളിൽ അതിസങ്കീർണമായ ഈ ശസ്ത്രക്രിയക്ക് കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ചെലവ് വരും. നട്ടെല്ലിനോട് ചേർന്നുള്ള ഭാഗത്തെ ശാസ്ത്രക്രിയായതിനാൽ പരാജയപ്പെട്ടാൽ ശരീരം പൂർണമായിത്തന്നെ തളർന്നുപോകാനും മലമൂത്ര വിസർജനം അറിയാൻ പറ്റാത്ത അവസ്ഥിലാകാനും സാധ്യതയുണ്ട്. അതിസങ്കീർണമായ ഈ ശസ്ത്രക്രിയയാണ് കോട്ടയം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം വിജയകരമാക്കിയത്. തുടർചികിത്സയ്ക്കും പരിചരണത്തിനും ശേഷം കുട്ടി ഡയപ്പർ ആവശ്യമില്ലാതെ സന്തോഷത്തോടെ സ്കൂളിൽ പോകുകയാണ്.

ആർ.ബി.എസ്.കെ. നഴ്സ് ലീനാ തോമസ്, ആർ.ബി.എസ്.കെ. കോ-ഓർഡിനേറ്റർ ഷേർളി സെബാസ്റ്റ്യൻ, ആശാ പ്രവർത്തക ഗീതാമ്മ, ഡി.ഇ.ഐ.സി. മാനേജർ അരുൺകുമാർ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ്, കോട്ടയം മെഡിക്കൽ കോളേജിലെ ടീം തുടങ്ങിയവരാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചതിന് പിന്നിൽ.

# കുഷ്ഠരോഗത്തിന് വിലങ്ങിടാൻ സമ്പർക്ക ചികിത്സ



പാലക്കാട്: മനുഷ്യാവകാശ ദിനത്തിൽ പുതിയ ചുവടുവയ്പുമായി ജില്ലാ ആരോഗ്യ വകുപ്പ്. ദേശീയ കുഷ്ഠരോഗനിർമാർജ്ജന പരിപാടി (NLEP) യുടെ ഭാഗമായി സമ്പർക്ക പട്ടികയിലുള്ളവർക്ക് പ്രതിരോധ മരുന്ന് നൽകുന്നതിനായുള്ള സമ്പർക്ക രോഗ ചികിത്സ LPEP (Leprosy post exposure prophylaxis) ജില്ലയിൽ ആരംഭിച്ചു.

ലെപ്രസി അഥവാ കുഷ്ഠരോഗം മൈക്കോബാക്ടീരിയം ലെപ്രെ എന്ന ബാക്ടീരിയ മൂലം പകരുന്ന ഒരു പകർച്ചവ്യാധിയാണ്. പ്രധാനമായും തുമ്മുകയും ചീറ്റുകയും ചെയ്യുമ്പോഴുള്ള വായു കണികകളിലൂടെയാണ് രോഗം പകരുക. രോഗിയായ ഒരാളിൽ നിന്നും രോഗാണുക്കൾ വായുവിലൂടെ രോഗമില്ലാത്ത മറ്റൊരാളിൽ എത്തിയാൽ രോഗ ലക്ഷണങ്ങൾ പ്രകടമാവാൻ രണ്ട് മുതൽ അഞ്ചു കൊല്ലം വരെ എടുക്കും. ഇത് തന്നെയാണ് പുതിയ രോഗികളെ കണ്ടെത്തുന്നതിനുള്ള പ്രധാന വെല്ലുവിളി. രോഗികൾ ചികിത്സ പൂർണ്ണമാക്കി രോഗമുക്തി നേടിയാലും അടുത്ത സമ്പർക്കം പുലർത്തിയവർ പുതിയ രോഗികളായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് സമ്പർക്ക പട്ടികയിലുള്ളവർക്ക് പ്രതിരോധ മരുന്ന് നൽകിക്കൊണ്ട് രോഗത്തിന്റെ വ്യാപ്തിയും പകർച്ചയും തടയിടുന്നതിനുള്ള പദ്ധതി ജില്ലയിൽ നടപ്പാക്കുന്നത്. ഓരോ ആരോഗ്യ സ്ഥാപനത്തിന്റെയും കീഴിലുള്ള രോഗികളുടെ കുടുംബാംഗങ്ങൾ, ജോലി സ്ഥലത്തുള്ളവർ, അയൽവാസികൾ, സുഹൃത്തുക്കൾ എന്നിവർക്കാണ് ഒറ്റ ഡോസ് റിഫാംപിസിൻ പ്രതിരോധ മരുന്ന് സമ്പർക്ക ചികിത്സയുടെ ഭാഗമായി നൽകുന്നത്.



**രോഗലക്ഷണങ്ങൾ എന്തെല്ലാം?**

തൊലിപ്പുറമെ പ്രത്യക്ഷപ്പെടുന്ന നിറം മങ്ങിയ പാടുകൾ ആണ് പ്രധാന ലക്ഷണം. ഈ പാടുകളിൽ വിയർപ്പില്ലാതിരിക്കുക, രോമങ്ങൾ ഇല്ലാതിരിക്കുക, ചൂടും തണുപ്പും അറിയാതിരിക്കുക, സ്പർശനശേഷി കുറയുക എന്നിവയാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്. തുടക്കത്തിൽ ഒന്നോ രണ്ടോ മാത്രം കാണുന്ന പാടുകളുടെ എണ്ണം രോഗം തീവ്രമാവുന്നതിന് അനുസരിച്ച് കൂടുന്നു. ക്രമേണ ഞരമ്പുകളുടെ ശക്തി കുറയുകയും കൈ, കാൽ, വിരലുകൾ എന്നിവയുടെ പ്രവർത്തന ശേഷി കുറയുകയും ചെയ്യും. കണ്ണുകൾ മുറുക്കി അടയ്ക്കാൻ പറ്റാതിരിക്കുകയും തുടർന്ന് കണ്ണിൽ അണുബാധയുണ്ടായി കാഴ്ച ശക്തി കുറയുകയും ചെയ്യാം. കാലിലേയും കയ്യിലേയും സ്പർശനശേഷി കുറഞ്ഞ് മുറിവുകളും വ്രണങ്ങളും ഉണ്ടാകുകയും തുടരെ തുടരെ അണുബാധ ഉണ്ടാകുകയും വിരലുകൾ നഷ്ടപ്പെടുന്ന അവസ്ഥ വരെയും വന്നേക്കാം. രോഗത്തിന്റെ ബുദ്ധിമുട്ടുകൾക്കൊപ്പം സമൂഹത്തിൽ ഇവർ അനുഭവിക്കുന്ന വിവേചനമാണ് ഇവരുടെ ദൈനംദിന ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധി.



**രോഗം എങ്ങനെ തടയാം ?**

എത്രയും വേഗം രോഗം കണ്ടെത്തുകയും പൂർണമായ ചികിത്സ എടുക്കുകയും ചെയ്താൽ സമ്പൂർണ്ണ രോഗമുക്തി നേടാവുന്നതാണ്. രോഗത്തിന്റെ തീവ്രത അനുസരിച്ച് 6 മാസം മുതൽ 12 മാസം വരെ ഒന്നിൽ കൂടുതൽ മരുന്നുകൾ ഉപയോഗിച്ചാണ് ചികിത്സ. മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും തീർത്തും സൗജന്യമായി ലഭിക്കുന്നതാണ്.

പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് ഹാളിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാബിറ. എ കുഷ്ഠരോഗത്തിനുള്ള പ്രതിരോധമരുന്ന് റിഫാംപിസിൻ വണ്ണാമട കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് നൽകികൊണ്ട് നിർവഹിച്ചു.

### 24 മണിക്കൂർ ഗൈനക്കോളജിസ്റ്റിന്റെ സേവനവും

# ഇനി പ്രസവവും വേദനരഹിതം



കോട്ടയം: വികസിതരാജ്യങ്ങളിൽ ഏറെ പ്രചാരത്തിലുള്ള വേദനരഹിത സാധാരണ പ്രസവം ഇനിമുതൽ സാധാരണക്കാർക്കുംസാധ്യമാകുന്നു. കോട്ടയം ജില്ലയിലെ സ്വകാര്യ ആശുപത്രികളിൽ മാത്രം ലഭ്യമായ ഈ സൗകര്യം ഇനി മുതൽ സർക്കാർതലത്തിൽ സൗജന്യമായി കെ.എം. മാണി സ്മാരക ഗവ. ജനറൽ ആശുപത്രിയിൽ ലഭ്യമാകുന്നു. ഇതിനായുള്ള അവസാനഘട്ട തയ്യാറെടുപ്പിലാണ് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം. വേദനരഹിതമായി പ്രസവിക്കുന്നതിന് എന്റോനോക്സ് (ENTONOX) വാതകം ഉപയോഗിക്കുന്നു. ഇത് തികച്ചും അപകടരഹിതമാണ്. പ്രസവസമയം ഗർഭിണിയുടെ കൂടെ ഒരാൾക്ക് നിൽക്കുവാനുള്ള സാഹചര്യവും ഒരുക്കുന്നു. 24 മണിക്കൂറും ഗൈനക്കോളജിസ്റ്റിന്റെ സേവനവും, പ്രസവാനന്തര സേവനങ്ങളും ഇവിടെ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നു. മാതൃകാപരമായ ഗവൺമെന്റിന്റെ വിവിധ പദ്ധതികളായ മാതൃയാനം, മുസ്കാൻ, ലക്ഷ്യ, ശലഭം എന്നീ നിരവധി പദ്ധതികളും ഗുണപ്രദമായരീതിയിൽ പാലാ ഗവ. ആശുപത്രിയിൽ നടപ്പിലാക്കിവരുന്നു. രോഗികൾക്ക് വീട്ടിലിരുന്ന e-He-alth വഴി ഡോക്ടർമാരെ കാണാനും, ബുക്ക് ചെയ്യാനുമുള്ള സംവിധാനമടക്കം നിരവധി മാറ്റങ്ങൾ വരുത്തി. കഴിഞ്ഞ വർഷത്തെ കായകൽപ് അവാർഡിൽ കോട്ടയം ജില്ലയിലെ ഗവ. ജനറൽ ആശുപത്രികളിൽ ഒന്നാംസ്ഥാനം നേടാനും പാലാ കെ.എം. മാണി സ്മാരക ഗവ ജനറൽ ആശുപത്രിക്ക് സാധിച്ചിരുന്നു. സത്രീകളുടെയും, കുട്ടികളുടെയും പ്രത്യേക ചികിത്സാ വിഭാഗമടക്കം നിരവധിപ്രവർത്തനങ്ങളുമായി പാലാ ഗവ. ജനറൽ ആശുപത്രി, സൂപ്രണ്ട് ഡോ. അഭിലാഷിന്റെ നേതൃത്വത്തിൽ ഇനിയും മുന്നോട്ട് കുതിക്കുവാൻ ഒരുങ്ങുകയാണ്.

# കേന്ദ്രത്തിന്റെ അഭിനന്ദനം നേടി ചിറ്റാറ്റുകര കുടുംബാരോഗ്യ കേന്ദ്രം



എറണാകുളം: ചിറ്റാറ്റുകര കുടുംബാരോഗ്യകേന്ദ്രത്തിന് കേന്ദ്ര ആരോഗ്യ സംഘത്തിന്റെ അഭിനന്ദനം. പഞ്ചായത്തും ആരോഗ്യ കേന്ദ്രവും സംയുക്തമായി പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച ശ്വാസ കോശ രോഗപരിശോധന ക്യാമ്പിലാണ് കേന്ദ്രസംഘമെത്തിയത്.

കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നാഷണൽ സിസ്റ്റം റിസൊഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ മേജർ ജനറൽ അതുൽ കൊത്വൽ, സീനിയർ കൺസൾട്ടന്റ് ഡോ സുരഭി സേഥി എന്നിവരുടെ നേതൃത്വത്തിലാണ് സംഘം എത്തിയത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 18 വാർഡുകളിലും ആശാ പ്രവർത്തകർ വ്യക്തികളെ നേരിൽ കണ്ടു തയ്യാറാക്കിയ ശൈലി സർവേ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയവർക്ക് പ്രഥമപരിഗണന നൽകിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

### മൃണാളിനി സന്തോഷത്തോടെ മഹാരാഷ്ട്രയിലേക്ക് മടങ്ങി

# സെപ്റ്റിക് ഷോക്കിൽ നിന്നും രക്ഷിച്ചെടുത്തു

### പി.എച്ച്.ഡി. വിദ്യാർത്ഥിനിയ്ക്ക് കരുതലേകി കുറ്റിപ്പുറം താലൂക്ക് ആശുപത്രി



സെപ്റ്റിക് ഷോക്കിൽ നിന്നും ചികിത്സയും പരിചരണവും നൽകി ജീവൻ രക്ഷിച്ച കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാർ വിദ്യാർത്ഥിനിയ്ക്കൊപ്പം

മലപ്പുറം: തവനൂർ കാർഷിക കോളേജിലെ പി.എച്ച്.ഡി. വിദ്യാർത്ഥിനിയായ മൃണാളിനിയെ (24) സെപ്റ്റിക് ഷോക്ക് എന്ന അതീവ ഗുരുതരാവസ്ഥയിൽ നിന്നും രക്ഷിച്ചെടുത്ത് കുറ്റിപ്പുറം താലൂക്ക് ആശുപത്രി. ജലാംശം അമിതമായി നഷ്ടപെട്ട് വൃക്കകളുടേയും കരളിന്റേയും പ്രവർത്തനം താറുമാറാകുകയും രക്തത്തിൽ അണുബാധ ഉണ്ടാകുകയും ഷോക്കിലേക്ക് പോകുകയും ചെയ്തിരുന്നു. ആ അവസ്ഥയിൽ നിന്നാണ് ഒരാഴ്ചത്തെ തീവ്ര പരിചരണവും കരുതലും നൽകി മൃണാളിനിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചത്. ചികിത്സയും പരിചരണവും നൽകി വിദ്യാർത്ഥിനിയുടെ ജീവൻ രക്ഷിച്ച കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ മുഴുവൻ ജീവനക്കാരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഒരാഴ്ച മുമ്പാണ് പനിയും വയറിളക്കവുമായി അവശ നിലയിൽ മൃണാളിനിയെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെത്തിച്ചത്. പരിശോധനയിൽ രക്തത്തിലെ കൗണ്ടിന്റെ അളവിൽ വ്യത്യാസം കണ്ടതിനാൽ അഡ്മിറ്റാകാൻ ഡോക്ടർ നിർദേശിച്ചു. എന്നാൽ മൃണാളിനിയുടെ ബന്ധുക്കൾ കുട്ടിയെ സ്വദേശമായ മഹാരാഷ്ട്രയിലേക്ക് കൊണ്ട് പോയി ചികിത്സിച്ചോളാം എന്ന് നിർബന്ധം പിടിച്ചു. ഈ അവസ്ഥയിൽ യാത്ര അപകടകാരമാണെന്നും രണ്ടു ദിവസം ഐ.സി.യുവിൽ കിടത്തി വിദഗ്ധ ചികിത്സ നൽകി ആരോഗ്യനില മെച്ചപ്പെട്ട ശേഷം പോകാമെന്നും ഡോക്ടർ അറിയിച്ചു. രോഗാവസ്ഥ തിരിച്ചറിഞ്ഞ ബന്ധുക്കൾ അതോടെ സമ്മതമറിയിച്ചു. അങ്ങനെ മൃണാളിനിയെ ഐ.സി.യുവിൽ അഡ്മിറ്റാക്കി.

ആദ്യത്തെ രക്ത പരിശോധനാ ഫലം വന്നപ്പോൾ തന്നെ രോഗി ഗുരുതരാവസ്ഥയിലാണെന്ന് ബോധ്യമായി. ജലാംശം അമിതമായി നഷ്ടപെട്ടിട്ടുണ്ട്. കരൾ, വൃക്ക തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനം താറുമാറായിട്ടുണ്ട്. കൂടാതെ രക്തത്തിൽ അണുബാധയുണ്ടായി സെപ്റ്റിക് ഷോക്ക് എന്ന അവസ്ഥയിലും. ഉടൻ തന്നെ മുഴുവൻ ടീമും സജ്ജമായി രോഗിയെ 24 മണിക്കൂറും ഐ.സി.യുവിൽ നിരീക്ഷണത്തിലാക്കി വിദഗ്ധ ചികിത്സ ഉറപ്പാക്കി. പക്ഷെ, പിറ്റേ ദിവസം വീണ്ടും കൗണ്ട് കുറയുകയും രക്തത്തിന്റെ അളവ് ക്രമാതീതമായി താഴുകയും ചെയ്തു. രോഗിക്ക് അടിയന്തരമായി രക്തം നൽകുകയും രക്തത്തിലെ മറ്റു ഘടകങ്ങൾ ശരിയാകാനുള്ള ചികിത്സ നൽകുകയും ചെയ്തു.

കുറഞ്ഞ സമയം കൊണ്ട് എല്ലാവരുടേയും സ്വന്തമായ മൃണാളിനിയുടെ ആരോഗ്യനില പതുക്കെ പതുക്കെ മെച്ചപ്പെടാൻ തുടങ്ങി. അതിനിടെ രോഗിയെ കൊണ്ടുപോകാൻ ബന്ധുക്കൾ വീണ്ടും നിർബന്ധിച്ചു. എന്നാൽ ഡോക്ടറുടെ അഭ്യർത്ഥന പ്രകാരം ഒരു ദിവസം കൂടി നീട്ടി കിട്ടി. പിന്നെ അവിടെ അവിടെ നടന്നത് ഒരു ടീം വർക്കാണ്. ഡ്യൂട്ടി സമയം പോലും നോക്കാതെ ഡോക്ടർ, ഐ.സി.യു സ്റ്റാഫ്, ലാബ് സ്റ്റാഫ്, ഫാർമസി സ്റ്റാഫ് തുടങ്ങി സകലരും മൃനാളിനിക്കായി അഹോരാത്രം പ്രയത്നിച്ച് തീവ്ര പരിചരണം നൽകി. മൃണാളിനിയുടെ ആരോഗ്യനില മെച്ചപ്പെടുകയും രക്തത്തിലെ കൗണ്ട് സാധാരണ നിലയിൽ എത്തുകയും ചെയ്തു. കരളിന്റേയും വൃക്കകളുടേയും പ്രവർത്തനവും നേരെയായി. രോഗിയെ ഡിസ്ചാർജ് ചെയ്യാവുന്ന അവസ്ഥയിലായി. ഇതോടെ മൃണാളിനിയ്ക്കും ബന്ധുക്കൾക്കും സന്തോഷമായി. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചെലവുവരുന്ന ചികിത്സയാണ് സൗജന്യമായി ലഭ്യമാക്കിയത്. ഭാഷ പോലും വശമില്ലാതിരുന്നിട്ടും വേണ്ട കരുതലൊരുക്കി തങ്ങളുടെ കുട്ടിയെ രക്ഷിച്ചെടുത്ത ആശുപത്രി ജീവനക്കാർക്ക് നന്ദി പറഞ്ഞ് മഹാരാഷ്ട്രയിലേക്ക് യാത്രയാകുമ്പോൾ അവരുടെ കണ്ണുകൾ നനയുണ്ടായിരുന്നു.

ആശുപത്രി സൂപ്രണ്ട് ഡോ. എൻ.ആർ. സജിയുടെ ഏകോപനത്തിൽ ഫിസിഷ്യൻ ഡോ. ഷമീൽ കെ.എം., സുഹൈൽ, ഹെഡ് നഴ്സ് രജിത, നഴ്സിംഗ് ഓഫീസർമാരായ അജീഷ്, റാണി, സൂര്യ, നിത്യ, ലയന, ലിസമോൾ, നഴ്സിംഗ് അസിസ്റ്റന്റുമാരായ മുഹമ്മദ്, പ്രിയ എന്നിവരാണ് ചികിത്സയും പരിചരണവുമൊരുക്കിയത്.

> ഡ്യൂട്ടി സമയം പോലും നോക്കാതെ ഡോക്ടർ, ഐ.സി.യു സ്റ്റാഫ്, ലാബ് സ്റ്റാഫ്, ഫാർമസി സ്റ്റാഫ് തുടങ്ങി സകലരും മൃനാളിനിക്കായി അഹോരാത്രം പ്രയത്നിച്ച് തീവ്ര പരിചരണം നൽകി.

### മുത്തത്തി നഗര ജനകീയാരോഗ്യ കേന്ദ്രത്തിന്റെ

# പുതിയ കെട്ടിടം നാടിന് സമർപ്പിച്ചു



> നഗരസഭയിലെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിൽസ തേടാനുള്ള ഒരേയൊരാശ്രയം പയ്യന്നൂർ താലൂക്ക് ആശുപത്രി മാത്രമാണ്

കണ്ണൂർ: എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് 65 ലക്ഷം രൂപ വിനിയോഗിച്ച് പയ്യന്നൂർ നഗരസഭ മുത്തത്തി ജനകീയാരോഗ്യ കേന്ദ്രത്തിന് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം പയ്യന്നൂർ എം.എൽ.എ. ടി.ഐ. മധുസുദനൻ നിർവ്വഹിച്ചു. നഗരസഭ ചെയർപേഴ്സൺ കെ.വി. ലളിത അദ്ധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ സി.ജയ, ടി.വിശ്വനാഥൻ, വി.വി.സജിത, ടി.പി.സെമീറ, കൗൺസിലർമാരായ കെ.എം ചന്തുക്കുട്ടി, ഇക്ബാൽ പോപ്പുലർ, നഗരസഭ സെക്രട്ടറി എം.കെ.ഗിരീഷ്, ഡോ.നന്ദുമുരളി, എം. അമ്പു, പി.ഗംഗാധരൻ, ജാക്സൺ ഏഴിമല, ജെ എച്ച്. ഐ സന്തോഷ് കുമാർ, വി.വി. ഗിരീഷ്, എം. ചന്ദ്രൻ എന്നിവർ സംസാരിച്ചു.

നഗരസഭയിലെ ജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ വിഷയങ്ങൾക്ക് ചികിൽസ തേടാനുള്ള ഒരേയൊരാശ്രയം പയ്യന്നൂർ താലൂക്ക് ആശുപത്രി മാത്രമാണെന്ന നിലയിലുള്ള പരിമിതികളാൽ പ്രയാസപ്പെടുന്നൊരു പ്രതിസന്ധി ഘട്ടത്തിലാണ് 2015 ജൂൺ 07 ന് പയ്യന്നൂരിലെ ജനതക്ക് ഒരനുഗ്രഹമെന്നോണം പയ്യന്നൂർ നഗരസഭയിലെ കോറോം മുത്തത്തിയിൽ മുത്തത്തി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നത്. കേന്ദ്രത്തിലൂടെ രോഗീ പരിചരണം ലഭ്യമാക്കുന്നതോടൊപ്പം, മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്കായി ആരോഗ്യ വകുപ്പിന് കീഴിൽ സമഗ്ര മാനസിക ആരോഗ്യ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കണ്ണൂർ ജില്ലയിലെ ആദ്യത്തെ പകൽ വീട് ദിന പരിചരണ കേന്ദ്രത്തിനും അന്ന് തുടക്കമായി. ആരംഭിച്ച് ആറുമാസം പിന്നിടുമ്പോൾ തന്നെ കേരളത്തിലെ ഏറ്റവും മികച്ച പകൽ വീടിനുള്ള അംഗീകാരവും അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന കെ കെ ശൈലജ ടീച്ചറിൽ നിന്ന് ഏറ്റുവാങ്ങാൻ കഴിഞ്ഞു.

നിലവിൽ പ്രതിദിനം നൂറിലേറെപ്പേർ കേന്ദ്രത്തിൽ സേവനം തേടിയെത്തുന്നുണ്ട്. സേവനങ്ങളെല്ലാം തീർത്തും സൗജന്യമായാണ് നൽകുന്നത്. ഏറ്റവും മികച്ച പരിശോധനാ സൗകര്യങ്ങളുള്ള ലബോറട്ടറി, ഫാർമസി തുടങ്ങി റൂട്ട് കനാലുൾപ്പെടെയുള്ള ദന്തരോഗ ചികിൽസ സേവനങ്ങളും ഈ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നു. പ്രാഥമിക മെഡിക്കൽ സേവനങ്ങളുടെ ഭാഗമായി ഔട്ട് പേഷ്യന്റ് വിഭാഗം, കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ, മാതൃ ശിശു സംരക്ഷണ സേവനങ്ങളും ഇവിടെ നിന്ന് നൽകി വരുന്നു. കൂടാതെ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഫലപ്രദമായ രോഗ നിർണ്ണയ – ചികിൽസാ സൗകര്യങ്ങൾ, മാനസിക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, പരിസര ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ, ഈ രംഗങ്ങളിലെല്ലാം ഫലപ്രദമായ ഇടപെടൽ നടത്തുന്നൊരു കേന്ദ്രമായി ഇന്ന് സ്ഥാപനം മാറിക്കഴിഞ്ഞു. പയ്യന്നൂർ നഗരസഭാ പരിധിയിൽ നിന്ന് മാത്രമല്ല സമീപ പഞ്ചായത്തുകളിൽ നിന്നടക്കം സേവനം തേടിയെത്തുന്നവർക്ക് ചികിത്സാ സൗകര്യം നൽകി വരുന്നു.

### വൈകല്യങ്ങൾ നേരത്തെയറിയാം, ചികിത്സിക്കാം

# ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം നാടിന് സമർപ്പിച്ചു



ആലപ്പുഴ: ജന്മനാലുള്ള വൈകല്യങ്ങൾ, സ്വഭാവം, പഠനം, ചലനം, സംസാരം, ഉച്ചാരണം, കാഴ്ച എന്നിവയിലുണ്ടാകുന്ന വൈകല്യങ്ങൾ, ദന്തക്ഷയം തുടങ്ങി കുട്ടികളിൽ കണ്ടുവരുന്ന 30–ഓളം അസുഖങ്ങൾക്ക് ചികിത്സാ സൗകര്യമൊരുക്കി സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ആലപ്പുഴയിൽ തുടങ്ങി. സംസ്ഥാന സർക്കാരിന്റെ നാലാമത് നൂറുദിന കർമ്മപരിപാടിയോടനുബന്ധിച്ച് നിർമാണം പൂർത്തീകരിച്ച സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പു മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. എച്ച്. സലാം അധ്യക്ഷനായ ചടങ്ങിൽ സിവിൽ സ്റ്റേഷൻ വാർഡ് കൗൺസിലർ. സിമി ഷാഫി ഖാൻ, ജില്ല മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസ്, ജില്ല പ്രോഗ്രാം മാനേജർ ഡോ. കോശി. സി. പണിക്കർ, കെ.എസ്.എസ്.എം. അസിസ്റ്റന്റ് ഡയറക്ടർ സന്തോഷ് ജേക്കബ്, വനിത ശിശു ആശുപത്രി സുപ്രണ്ട് ഡോ. ദീപ്തി. കെ. കെ എന്നിവർ ആശംസകൾ അർപ്പിച്ചു.

ആലപ്പുഴ ജില്ലയിലെ നഗരസഭാ പരിധിയിൽപ്പെട്ട സിവിൽ സ്റ്റേഷൻ വാർഡിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോമ്പൗണ്ടിൽ ആർ.എം.ഒ ക്വാർട്ടേഴ്സിനോട് ചേർന്നാണ് പുതിയതായി സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തിക്കുന്നത്. ജനനം മുതൽ പതിനെട്ടു വയസ്സ് വരെ ഉള്ള കുട്ടികളുടെ സമ്പൂർണ ആരോഗ്യ പരിരക്ഷ ഉറപ്പാകുന്നതിനു വേണ്ടിയുള്ള ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആർ.ബി.എസ്.കെ പദ്ധതിയുടെയും സാമൂഹ്യ സുരക്ഷാ മിഷന്റെ അനുയാത്രാ പദ്ധതിയും ഏകോപിപ്പിച്ചാണ് സെന്ററിന്റെ പ്രവർത്തനം. കുട്ടികളിൽ ജന്മനാ ഉണ്ടാകുന്നതും അല്ലാത്തവയുമായ മാനസിക ശാരീരിക വൈകല്യങ്ങൾ തുടക്കത്തിലേ കണ്ടെത്തി ചികിത്സയിലൂടെയും തുടർച്ചയായ പരിചരണത്തിലൂടെയും തീവ്രത കുറയ്ക്കാനാവുമെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം പ്രവർത്തിക്കുന്നത്.

പുതിയ നിർമ്മിച്ച കെട്ടിടത്തിൽ ഇരുനിലകളിലായി 7500 ചതുരശ്രയടി സൗകര്യം ലഭ്യമാണ്, ഒന്നാം നിലയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ ഓ പി രജിസ്ട്രേഷൻ, വെയ്റ്റിംഗ് ഏരിയ, കുട്ടികൾക്കുള്ള കളിസ്ഥലം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ജില്ലാ കോർഡിനേറ്ററുടെ മുറി, ആന്ത്രപോമെട്രി റൂം, ഒ.പി കൺസൽറ്റേഷൻ റൂമുകൾ (സ്പെഷ്യലിസ്റ്റ് ഉൾപ്പടെ), ഫിസിയോ തെറാപ്പി റൂം, സ്പീച് തെറാപ്പിസ്റ്റ് കം ഓഡിയോളജിസ്റ് റൂം, സ്പെഷ്യൽ എഡ്യൂക്കേറ്റർ കം സോഷ്യൽ വർക്കർ, സെൻസറി & ഇന്റഗ്രേഷൻ റൂം, ഗ്രൂപ്പ് തെറാപ്പി റൂം, ടോയ്‌ലറ്റുകൾ, എന്നിവ ഒരുക്കിയിരിക്കുന്നു മുകളിലത്തെ നിലയിലേക്കായി റാമ്പ് സൗകര്യവും ഒരുക്കിയിരിക്കുന്നു. കോൺഫറൻസ്ഹാൾ, ഡൈനിങ്ങ് ഹാൾ, ഡെന്റൽ പ്രോസിജിയർ റൂം, ഡെന്റൽ ഒ.പി കൺസൽറ്റേഷൻ റൂം, ക്ലിനിക്കൽ സൈകോളജിസ്റ്റ്, ബെറ ടെസ്റ്റിംഗ് റൂം, ഒഫ്താൽമോളജി & സി.വി.ഐ (Cerebral Visual Impairment) റൂം, പാൻട്രി മുതലായവയും രണ്ടാം നിലയിൽ സജ്ജീകരിച്ചിരിക്കുന്നു. മൂന്നാം നിലയായി ലൈറ്റ് റൂഫിംഗോടുകൂടിയ ടെറസ്സ് സൗകര്യം പരിശീലനങ്ങൾക്ക് ഉപയോഗിക്കും വിധം ക്രമീകരിച്ചിരിക്കുന്നു.

ഇതിൽ പീഡിയാട്രീഷൻ, മെഡിക്കൽ ഓഫീസർ, ഡന്റൽ സർജൻ, ഡന്റ്ൽ ഹൈജനിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ഓഡിയോളജിസ്റ്റ്/സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഡി.ഇ.ഐ.സി. മാനേജർ, ഡേറ്റാ എന്ട്രി ഓപ്പറേറ്റർ എന്നിവർ ഉൾപ്പെടുന്നു.

# ചികിത്സാ ചെലവ് പകുതിയോളം കുറയ്ക്കാനായി: മന്ത്രി വീണാ ജോർജ്

◆ രോഗികളെ അനാവശ്യമായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യരുത് ◆ ആരോഗ്യ മേഖലയിൽ നടന്നത് ചരിത്രത്തിലെ വലിയ വികസനം



തിരുവനന്തപുരം: രോഗത്തിന്റെ മുമ്പിൽ ഒരാളും നിസഹായരാകാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരമാവധി പേർക്ക് സൗജന്യ ചികിത്സ നൽകുകയാണ് ലക്ഷ്യം. ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്ക് ഫലമുണ്ടായി. നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്തെ ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാ ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്. ഒരു വർഷം 1600 കോടിയിലധികം രൂപയാണ് സൗജന്യ ചികിത്സയ്ക്ക് മാത്രം സർക്കാർ ചെലവഴിക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വരുന്നതിന് മുമ്പ് 30,000 രൂപ മാത്രമാണ് സൗജന്യ ചികിത്സയ്ക്കായി നൽകിയിരുന്നത്. ഈ സർക്കാരിന്റെ തുടക്കത്തിൽ രണ്ടര ലക്ഷം ക്ലെയിമുകളാണ് സൗജന്യ ചികിത്സയ്ക്ക് ഉായിരുന്നത്. ഇപ്പോഴത് ആറേമുക്കാൽ ലക്ഷം കഴിഞ്ഞു. അതായത് 30,000 രൂപയിൽ നിന്നും 5 ലക്ഷം രൂപ ഒരു കുടുംബത്തിന്റെ ഓരോ അംഗത്തിനും ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നു. സൗജന്യ ചികിത്സയിൽ കേരളം ശക്തമായ നിലപാടും പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമാണിതെന്നും മന്ത്രി പറഞ്ഞു. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആശുപത്രികൾ ആശ്വാസത്തിന്റെ ഇടമാകണം. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ഉറപ്പാക്കണം. ഒരാൾക്ക് ശാരീരികമായി രോഗം വരുമ്പോൾ മാനസികമായും വൈകാരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് നേരിടും. അതുൾക്കൊണ്ട് അവരുടെ ചികിത്സ ഉറപ്പാക്കണം. അനാവശ്യമായി രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യരുത്. ചികിത്സാ സംവിധാനങ്ങളുള്ള താലൂക്ക്, ജില്ലാതല ആശുപത്രികളിൽ തന്നെ രോഗികളെ ചികിത്സിക്കണം. മെഡിക്കൽ കോളേജുകളുടെ ഭാരം കൂട്ടാതിരിക്കാനാണ് മറ്റ് ആശുപത്രികളെ ശാക്തീകരിക്കുന്നത്. ഓരോ ആശുപത്രികളുടേയും റഫറൽ ലിസ്റ്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പേരൂർക്കട ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് 227 കിടക്കകളാണ് സജ്ജമാക്കിയിരിക്കുന്നത്. അതേസമയം ഇന്നലത്തെ നൈറ്റ് സെൻസസ് അനുസരിച്ച് കിടത്തി ചികിത്സയിലുള്ള രോഗികളുടെ എണ്ണം 77 ആണ്. അതേ സമയം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യമാണ്. ഇത് ഉദാഹരണമായെടുത്ത് അതാത് ആശുപത്രികളിൽ നിന്ന് നൽകാവുന്ന ചികിത്സകൾ അവിടെ തന്നെ ലഭ്യമാക്കണം.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എട്ടര വർഷം കൊണ്ട് ചരിത്രത്തിലെ ഏറ്റവും അധികം വികസന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ്. തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജും ആർ.സി.സിയും ഉൾപ്പെടെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നോക്കിയാൽ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തനങ്ങൾ നടക്കുന്ന കാലഘട്ടമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരേ സമയം രണ്ട് ബ്ലോക്കുകളുടെ നിർമ്മാണമാണ് നടക്കുന്നത്. 100 കോടി രൂപ ചെലവഴിച്ചുള്ള എം.എൽ.ടി ബ്ലോക്ക് 80 ശതമാനം പൂർത്തിയായി. സർജിക്കൽ ബ്ലോക്ക് നടപടികൾ പൂർത്തിയായി നിർമ്മാണം ആരംഭിക്കുകയാണ്. ആർസിസിയിൽ 200 കോടിയോളം രൂപ ചെലവഴിച്ചുള്ള കെട്ടിടം 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമാകുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗം രാജ്യത്തെ 5 ആശുപത്രികളുടെ പട്ടികയിൽ ഇടം പിടിച്ച് സെന്റർ ഓഫ് എക്സലൻസായിട്ടുണ്ട്. എല്ലാ ആശുപത്രികളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പേരൂക്കട ആശുപത്രിയിൽ സജ്ജമാക്കിയതിൽ 8.30 കോടി രൂപ പ്ലാൻ ഫണ്ടാണ്. ഈ കെട്ടിടം നിർമ്മാണം പൂർത്തിയാക്കാൻ 36 കോടി അനുവദിക്കും.

ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ 10 കാര്യങ്ങളാണ് ലക്ഷ്യം വച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ബോർഡ് മാറ്റിവയ്ക്കലല്ല. ആ തദ്ദേശ സ്ഥാപന പരിധിയിലെ മുഴുവൻ കുടുംബങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടമാണത്. അവിടെ ലാബ് സംവിധാനമുൾപ്പെടെ പ്രാഥമിക പരിശോധനാ സംവിധാനങ്ങളുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ ലാബ് നെറ്റുവർക്ക് സംവിധാനം യാഥാർത്ഥ്യമാകുകയാണ്. ഇത് രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് മെഡിക്കൽ കോളേജുകളിൽ വിപുലമായ സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നത്. ആശുപത്രികളിലെ കൂടുതൽ വികസനം ജനകീയ പങ്കാളിത്തത്തോട മുന്നോട്ട് പോകാനാകണമെന്നും മന്ത്രി വ്യക്തമാക്കി.

വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ സലൂജ വി.ആർ., സുനിത എസ്., വിളപ്പിൽ രാധാകൃഷ്ണൻ, എം. ജലീൽ, വാർഡ് കൗൺസിലർ ജമീല ശ്രീധരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡി.എം.ഒ. ഡോ. ബിന്ദു മോഹൻ, ഡി.പി.എം. ഡോ. ആശ വിജയൻ, ആശുപത്രി സൂപ്ര് ഇൻ ചാർജ് ഡോ. ബി. ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി വൈ. വിജയകുമാർ, എക്സി എഞ്ചിനീയർ ഡി. രാജേഷ് എന്നിവർ പങ്കെടുത്തു.

## ആരോഗ്യ രംഗത്തെ ബോധവത്കരണ ഇടപെടലുകൾ

കാസർഗോഡ്: കേരളത്തിലെ ആരോഗ്യരംഗം ലോകത്തിനു തന്നെ മാതൃകയാണ്. ആരോഗ്യ സൂചികളുടെ കാര്യത്തിൽ കേരളം ലോകാരോഗ്യ സംഘടനയുടെ തന്നെ പ്രശംസ നേടിയിട്ടുണ്ട്. സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനോടപ്പം ബോധവത്കരണ രംഗത്തെ കൃത്യമായ ഇടപെടലുകൾ പൊതുജനങ്ങളുടെ ഇടയിൽ കൃത്യമായ അവബോധം വളർത്തുകയും എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്തം എന്ന ചിന്ത പൊതുജനങ്ങളിൽ വളർത്താനും സാധിച്ചു. ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സമഗ്രമായ ബോധവത്കരണ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന കൃത്യമായ സന്ദേശം സമൂഹത്തിന്റെ താഴെ തട്ടിലെ ജനങ്ങളിലേക്കും എത്തിക്കുവാനുള്ള സംവിധാനം ഇന്ന് ആരോഗ്യവകുപ്പിന് ഉണ്ട്. 'പ്രതിരോധമാണ് ചികിത്സായേക്കാൾ നല്ലത്' എന്ന പഴഞ്ചൊല്ല് കൈവശമാക്കാൻ പൊതുജനങ്ങളെ പ്രചോദിപ്പിക്കുന്നത് ഈ സംവിധാനവും ജീവനക്കാരുടെ ഇടപെടലും പൊതുജനങ്ങളുടെ ഉത്തരവാദിത്ത മനോഭാവുമാണ്.

ആരോഗ്യരംഗത്ത് കേരളത്തിൽ നടപ്പിലാക്കിയ വിവിധ ബോധവത്കരണ കാമ്പയിനുകൾ വളരെ ഫലപ്രദവും വിജയവുമായിരുന്നു. കോവിഡ് 19 സമയത്ത് നടപ്പിലാക്കിയ ബ്രേക്ക് ദി ചെയിൻ, ബി ദി വാരിയർ ക്യാമ്പയിൻ കേരളത്തിലെ പൊതുജനം മുഴുവൻ ഏറ്റെടുത്തു. ഇതിന്റെ ഫലമായി ജനങ്ങളുടെ ഇടയിൽ സ്വഭാവ രൂപീകരണം ഉണ്ടാകുകയും കോവിഡിനെതിരെ പോരാടാനും നമുക്ക് സാധിച്ചു. പകർച്ച വ്യാധികൾക്കെതിരെ പോരാടുവാൻ ആരംഭിച്ച ആരോഗ്യജാഗ്രത ക്യാമ്പയിൻ ഇന്നും വിജകരമായി നടന്നുവരുന്നു. ഞായറഴ്ച കളിലെ ഡ്രൈ ഡേ വീടുകളിൽ ഇന്ന് നടത്തിവരുന്നു. കൂടാതെ ലഹരിക്കെതിരെയുള്ള നോ ടു ഡ്രഗ്സ്, സ്ത്രീകളുടെ അനീമിയ പരിശോധന ഉറപ്പുവരുത്തുന്ന വിവ ക്യാമ്പയിൻ (വിളർച്ചയിൽ നിന്നു വളർച്ചയിലേക്ക്), ഇടം ക്യാമ്പയിൻ തുടങ്ങിയവ ഇന്നും ഫലപ്രദമായി നടന്നുവരുന്നു.

സംസ്ഥാന തലത്തിലെ നടപ്പിലാക്കുന്നത് കൂടാതെ ജില്ലയുടെ പ്രത്യേക സഹചര്യങ്ങൾ കണക്കിലെടുത്ത്എല്ലാ ജില്ലകളിലും ഈ രംഗത്ത് ഇടപെടലുകൾ നടത്തിവരുന്നുണ്ട്. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണം, കുടുബാസൂത്രണം, കൗമാരാരോഗ്യം പകർച്ച വ്യാധി പ്രതിരോധം, ജീവിതശൈലി രോഗപ്രധിരോധം, മാനസികാരോഗ്യം, കുഷ്ഠരോഗം ,ടി ബി പുകയില നിയന്ത്രണ പരിപാടി തുടങ്ങിയ എല്ലാ മേഖലകളിലും ജില്ലകളിൽ ബോധവത്കരണം നടത്തി വരുന്നു. കാസറഗോഡ് ജില്ലയിൽ ആരംഭിച്ച കോലായകൂട്ടം ആരോഗ്യ ബോധവത്കരണ സംവാദം കേരളത്തിനു തന്നെ മാതൃകയാണ്.കൂടാതെ ജില്ലയിൽ ആരംഭിച്ച ജലജന്യ രോഗങ്ങക്കെതിരെ ഉള്ള എഡ്ഡെനീർ, തുടങ്ങിയ ജില്ലയിലെ പ്രധാന ക്യാമ്പയിനുകളാണ്. കോലയകൂട്ടങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന കൂട്ടായ്മകൾ, സെമിനാറുകൾ, ക്വിസ് പ്രോഗ്രാമുകൾ, ബിറ്റ് നോട്ടീസുകൾ,എക്സിബിഷനുകൾ എന്നിവയിലൂടെയും കഥകളി, തെരുവ് നാടകം, കിറ്റി ഷോ, പാവകളി തുടങ്ങിയ കലാ രൂപങ്ങളായിലൂടെയും, പ്രിന്റ് മീഡിയ വഴിയായും, നവ മാധ്യമങ്ങളായ യു ട്യൂബ് ചാനൽ, ഫേസ്ബുക്, വാട്സപ്പ് ചാനൽ, ഇൻസ്റ്റാഗ്രാം തുടങ്ങിയ വഴിയും ബോധവത്കരണം നടത്തിവരുന്നു. കാസർഗോഡ് ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റേയും നേതൃത്തിൽ 120 വീഡിയോകളാണ് വിവിധ ആരോഗ്യ വിഷയങ്ങളിൽ തയ്യാറിക്കിട്ടുള്ളത്. കൂടാതെ ജീവിതശൈലി രോഗങ്ങൾക്കെതിരെ വ്യായാമം, ചിട്ടയായ ആഹാര ക്രമം എന്ന പൊതുബോധ്യം ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്. കൃത്യമായ സമയത്ത് കുട്ടികളിൽ പ്രാരംഭ ഇടപെടലുകൾ നടത്തുന്നതിലുംഇത് പ്രകടമാണ്. കുടുംബാസൂത്രണം കുറിച്ച് കൃത്യമായ അവബോധം ഇന്നത്തെ യുവതലമുറയിലുണ്ട്. പ്രതിരോധ കുത്തിവെപ്പിലുള്ള തെറ്റുധാരണകൾ മാറ്റുവാനും നമുക്ക് കഴിഞ്ഞു. എങ്കിലും ഒരുപാട് വെല്ലുവിളികൾ ഇന്നും മുന്നിലുണ്ട്. നിരന്തരമായ ബോധവത്കരത്തിലൂടെ നമ്മുടെ ജീവിത ശൈലിയിൽ മാറ്റം വരുത്തി ആരോഗ്യപൂർണമായ ഒരു ഭാവി വാർത്തെടുക്കുന്നതിനായിനമുക്ക് ഒരുമിക്കാം.

## ഉടുമ്പൻചോലയിൽ പുതിയ ഓപ്പൺ ജിം





ഇടുക്കി: ഹൈറേഞ്ച് മേഖലയിലെ ജീവിതശൈലിരോഗ നിയന്ത്രണങ്ങൾക്ക് പുതിയ മാനം നൽകികൊണ്ട് ഉടുമ്പൻചോല കുടുബാരോഗ്യകേന്ദ്രത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ഓപ്പൺ ജിം എം.എം. മണി എം.എൽ.എ നാടിന് സമർപ്പിച്ചു. ആരോഗ്യമേഖലയിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ഉടുമ്പൻചോല കുടുംബാരോഗ്യ കേന്ദ്രത്തിന് എൻ.ക്യു.എ.എസ് ഉൾപ്പെടെയുള്ള അംഗീകാരങ്ങൾക്ക് ശേഷം ലഭിക്കുന്ന മറ്റൊരു അംഗീകാരമാണ് ഓപ്പൺ ജിം. നിരവധി വികസന പ്രവർത്തനങ്ങളാണ് ഉടുമ്പൻചോല ഉൾപ്പെടുന്ന ഹൈറേഞ്ച് മേഖലയിൽ ആരോഗ്യരംഗത്ത് നടന്ന് വരുന്നത്. എല്ലാ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളും ഡിജിറ്റലൈസ് ചെയ്ത് ടെലിമെഡിസിൻ സൗകര്യങ്ങൾ ഉൾപ്പെടെ ഗ്രാമീണമേഖലയിൽ നടന്നുവരുന്നു. ഓപ്പൺ ജിം തുറന്നു കൊടുക്കുന്നതിനോടൊപ്പം പഞ്ചായത്തിലെ എല്ലാവാർഡുകളിലും ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ സ്ക്രിനിംഗും പരിശോധനയും നടന്നു വരുന്നു. ഇത്തരത്തിൽ നടക്കുന്ന വിവിധ ജീവിതശൈലിരോഗ നിയന്ത്രണ പരിപാടികൾക്ക് ഓപ്പൺ ജിം മുതൽ കൂട്ടാവുകയാണ്.